MTTP–002

# मलयालम–हिंदी अनुवाद में स्नातकोत्तर सर्टिफिकेट कार्यक्रम
# (पी.जी.सी.एम.एच.टी.)

## अनुवाद परियोजना

(जनवरी 2021 और जुलाई 2021 सत्रों में
प्रवेश लेने वाले विद्यार्थियों के लिए)

इग्नू
जन-जन का विश्वविद्यालय

अनुवाद अध्ययन और प्रशिक्षण विद्यापीठ
इंदिरा गांधी राष्ट्रीय मुक्त विश्वविद्यालय
मैदानगढ़ी, नई दिल्ली–110 068

Scanned with CamScanner

# अनुवाद परियोजना
## (एम.टी.टी.पी.-002)

(जनवरी 2021 और जुलाई 2021 सत्रों में प्रवेश लेने वाले विद्यार्थियों के लिए)

**कार्यक्रम कोड : पी.जी.सी.एम.एच.टी.**

जैसा कि आपको बताया जा चुका है कि 'मलयालम–हिंदी अनुवाद में स्नातकोत्तर सर्टिफिकेट कार्यक्रम' (पी.जी.सी.एम.एच.टी.) को पूरा करने के लिए आपको चार–चार क्रेडिट के चार पाठ्यक्रम करने होंगे। इस स्नातकोत्तर सर्टिफिकेट कार्यक्रम का चौथा पाठ्यक्रम (एम.टी.टी.पी.–002) 'अनुवाद परियोजना' का है। इस परियोजना के अंतर्गत आपको दी गई सामग्री का अनुवाद करना है। अनुवाद के लिए सामग्री संलग्न है। इसका अनुवाद करके आपको मूल्यांकन के लिए प्रस्तुत करना है। ध्यान रहे कि यह 'अनुवाद परियोजना' एक स्वतंत्र पाठ्यक्रम के समकक्ष है। इसमें उत्तीर्ण होना आवश्यक है।

### परियोजना करने का तरीका

प्रस्तुत सामग्री को ध्यानपूर्वक पढ़ें। इससे आप समझ जाएँगे कि यह किस विषय से संबंधित है और इसमें प्रमुखतया क्या कहा गया है। इसके बाद आप इस सामग्री में से वे शब्द और मुहावरे आदि छाँटिए जिनका अर्थ अथवा जिनके हिंदी पर्याय आपको पता नहीं हैं। इन शब्दों को एक कागज़ पर नोट कर लीजिए। ध्यान दीजिए कि अनूद्य सामग्री के अनुवाद करते समय आपको कौन–कौन से कोश देखने की जरूरत है। विषय के अनुरूप समुचित कोशों में से उन शब्दों के पर्याय नोट कर लीजिए।

अब अनूद्य सामग्री को एक बार पुनः पढ़िए। गौर कीजिए कि अब की बार यह आपको ज्यादा अच्छी तरह समझ आती है कि नहीं। यदि कोई अंश समझ में न आ रहा हो तो उसे फिर से पढ़िए और पता लगाइए कि कठिनाई कहाँ है – शब्दों का अर्थ समझने में अथवा वाक्य–विन्यास को समझने में। यदि कोई वाक्य न समझ आ रहा हो तो उसे दूसरी बार, तीसरी बार पढ़िए।

इस सामग्री में प्रयुक्त संक्षिप्तियों पर ध्यान दीजिए। उनके पूर्ण रूप क्या हैं, जानने की कोशिश कीजिए। अधिकांश संक्षिप्तियों के पूर्ण रूप आपको इस सामग्री में ही मिल जाएँगे।

इस तरह अनूद्य सामग्री का अर्थ भली–भाँति समझ लेने के पश्चात उसका अनुवाद आरंभ कीजिए। अनुवाद करते समय भी शब्दकोश का भरपूर उपयोग कीजिए। जिन शब्दों के अर्थ आपको पता हैं उनके लिए भी शब्दकोश देखिए ताकि विषय और संदर्भ के अनुकूल पर्यायों का चयन कर सकें। वाक्य–विन्यास लक्ष्य भाषा (अर्थात् हिंदी/मलयालम) की प्रकृति के अनुसार कीजिए। यानी आपका बनाया वाक्य ऐसा लगे कि आप अनुवाद नहीं कर रहे बल्कि उस भाषा में मूल रूप में लिख रहे हैं। ऐसा तभी होगा जब आपकी वाक्य–रचना स्रोत में कही गई बात का अनुकरण न होकर लक्ष्य भाषा की कथन–शैली के अनुरूप और सहज होगी।

एक पैराग्राफ अथवा एक पृष्ठ का अनुवाद करने के बाद अपने अनुवाद को मूल सामग्री से मिलाइए और देखिए कि आपके अनुवाद का वही अर्थ निकल रहा है जो मूल कथन में कहा गया है। यदि अंतर दिखाई दे तो अपने अनुवाद में सुधार कीजिए। पूरी तरह आवश्स्त होने के बाद अनुवाद को आगे बढ़ाइए। अगले पैराग्राफ/पृष्ठ के अनुवाद के बाद फिर यही जाँच–प्रक्रिया दोहराइए और अनुवाद करते जाइए।

अनुवाद पूरा करने के पश्चात उसे एक बार फिर मूल सामग्री से मिलाइए और जाँच कीजिए कि आपका अनुवाद और मूल सामग्री समान अर्थ प्रकट करते हैं। यह भी जाँच कीजिए कि कहीं कोई पैराग्राफ, वाक्य अथवा वाक्यांश अनुवाद होने से छूट तो नहीं गया है। तत्पश्चात अनूदित सामग्री को साफ–साफ लिखकर हस्तलिखित रूप में लिखिए अथवा टंकण की व्यवस्था कीजिए।

Scanned with CamScanner

## अनुवाद परियोजना की प्रस्तुति

- अनुवाद परियोजना फुलस्केप आकार के कागज पर पर्याप्त हाशिया छोड़ते हुए एक तरफ टंकित कराके और बाइडिंग कराके प्रस्तुत करें।

- अनूदित परियोजना के आरंभिक पृष्ठ पर आपके इस कार्यक्रम का शीर्षक, पाठ्यक्रम कोड और शीर्षक, नामांकन संख्या, नाम, पता, अध्ययन केंद्र का कोड लिखा होना चाहिए और अंत में आपके हस्ताक्षर एवं प्रस्तुति की तिथि का उल्लेख होना चाहिए। इस तरह, आपकी 'अनुवाद परियोजना' का आरंभिक पृष्ठ इस प्रकार होगा :

---

| | |
|---|---|
| कार्यक्रम का शीर्षक : | मलयालम–हिंदी अनुवाद में स्नातकोत्तर सर्टिफिकेट (पी.जी.सी.एम.एच.टी.) |
| पाठ्यक्रम कोड : | एम.टी.टी.पी.–002 |
| पाठ्यक्रम का शीर्षक : | अनुवाद परियोजना |
| सत्रीय कार्य कोड : | ........................................ |
| अध्ययन केंद्र का नामः | ........................................ |
| नामांकन संख्या : | ........................................ |
| नाम : | ........................................ |
| पता : | ........................................ |
| | ........................................ |
| हस्ताक्षर : | ........................................ |
| तिथि : | ........................................ |

---

- अनुवाद परियोजना के साथ एक प्रमाण–पत्र भी लगाएँ जिसमें आपके अपने हस्ताक्षर सहित यह प्रमाणित किया गया हो कि आपने यह अनुवाद–कार्य स्वयं किया है और इसके लिए किसी व्यक्ति की सहायता नहीं ली गई है।

- अनुवाद परियोजना विश्वविद्यालय में निम्नलिखित पते पर व्यक्तिगत रूप से अथवा पंजीकृत डाक द्वारा भेजें :

  कुलसचिव<br>
  विद्यार्थी मूल्यांकन प्रभाग (SED)<br>
  इंदिरा गांधी राष्ट्रीय मुक्त विश्वविद्यालय<br>
  मैदान गढ़ी, नई दिल्ली–110068

### अनुवाद परियोजना प्रस्तुत करने की अंतिम तिथि

जनवरी 2021 में प्रवेश लेने वाले विद्यार्थियों के लिए : **31 मई, 2021**<br>
जुलाई 2021 में प्रवेश लेने वाले विद्यार्थियों के लिए : **30 नवंबर, 2021**

अंतिम तिथि के बाद भेजी गई परियोजना का मूल्यांकन विलंब से होगा और आप इस अध्ययन कार्यकम को देर से पूरा कर सकेंगे।

**कृपया ध्यान दें :**

प्रस्तुत की गई अनुवाद परियोजना की एक प्रति (फोटोकॉपी) अपने पास अवश्य रख लें।

शुभकामनाओं सहित।

Scanned with CamScanner

## मलयालम का उन्नयन

ദക്ഷിണേന്ത്യയിൽ കേരളത്തിലൊഴികെ മാതൃഭാഷയ്ക്കായി സർവകലാശാലകളുണ്ട്.

മലയാളത്തിനും ഒരു സർവകലാശാലയുണ്ടായാൽ നമ്മുടെ തനതുകലകളെയും കൃഷി ഉൾപ്പെടെയുള്ള സംസ്കാരത്തെയും നാട്ടറിവുകളെയും അതെത്രമാത്രം പരിപോഷിപ്പിക്കില്ല! അതുവഴിയാർജിക്കുന്ന വിജ്ഞാനത്തിലൂടെ കേരളം എത്രമാത്രം വികസിക്കില്ല! മലയാളത്തിന് സർവകലാശാലയുണ്ടായാൽ ഉണ്ണിയാടിചരിതവും ചന്ദ്രോൽസവവും മററും മാത്രമാവും പാഠ്യവിഷയങ്ങളെന്നു തെററിദ്ധരിക്കുന്നവർ 1981 ൽ സ്ഥാപിതമായ, 800 ഏക്കർ വിസ്തൃതിയുള്ള, തഞ്ചാവൂരിലെ തമിഴ് സർവകലാശാലയുടെ പാഠ്യപദ്ധതികൾ ശ്രദ്ധിക്കുക: തമിഴ് ഭാഷയെയും സംസ്കാരത്തെയും പററിയുള്ള പഠനഗവേഷണങ്ങൾക്കായി നിരവധി വിഭാഗങ്ങളുണ്ടിവിടെ. ഭാഷാശാസ്ത്രം, നിഘണ്ടുനിർമാണം, താളിയോലകളുടെ പഠനം മാത്രമല്ല, നാടകം, സംഗീതം എന്നിവയും ഇവിടത്തെ പഠനവിഷയങ്ങളാണ്. തമിഴ് ഭാഷയി ലുള്ള കൃതികൾ അന്യഭാഷകളിലേക്കും തിരിച്ചും വിവർത്തനം ചെയ്യാനുള്ള പ്രവർത്തനങ്ങളും എല്ലാ വിഷയങ്ങളും (മെഡിസിൻ, എൻജിനിയറിങ് ഉൾപ്പെടെ) മാതൃഭാഷയിൽ പഠിപ്പിക്കുന്നതിനായുള്ള പാഠപുസ്തകങ്ങളുടെ രചനയും ഈ സർവകലാശാലയുടെ കീഴിൽ നടക്കുന്നുണ്ട്.

മലയാളത്തെ രക്ഷിക്കണമെന്നു പറയുന്നത് മലയാളിയെ രക്ഷിക്കണമെന്നു പറയുന്നതിനു സമമാണെന്ന തിരിച്ചറിവ് മലയാളിക്കില്ലാതെപോയതെന്തുകൊണ്ട്? മാതൃഭാഷാവഗണന മലയാളിയുടെ രക്തത്തിൽ അലിഞ്ഞുചേരാൻ കാരണമെന്താണ്? നരവംശശാസ്ത്രപരമായ പഠനം ആവശ്യപ്പെടുന്ന വിഷയങ്ങളാണിവയൊക്കെ. നമുക്ക് സ്വാതന്ത്ര്യബോധമുണ്ടായത് സായിപ്പന്മാരിൽനിന്നാണെന്ന് നമ്മുടെ ചില പണ്ഡിതന്മാരെങ്കിലും ധരിച്ചുവശായിരിക്കുന്നു. സ്വാതന്ത്ര്യബോധം നൈസർഗികവാസനയാണെന്നു ധരിക്കാൻപോലും കെൽപ്പില്ലാത്തവിധം അടിമമനോഭാവം ഇവരെയൊക്കെ ഭരിക്കുന്നു! കൂട്ടിലടയ്ക്കപ്പെട്ട തിര്യക്കുകൾ പോലും സ്വാതന്ത്ര്യം നേടാൻ വെമ്പൽ കൊള്ളുന്നത് ആരെങ്കിലും പഠിപ്പിച്ചിട്ടാണോ?

## लोकगीत

യൂറോപ്യൻ കാല്പനിക പ്രസ്ഥാനത്തിന്റെയും ദേശീയതാവാദത്തിന്റെയും ആശയലോകങ്ങളാണ് ഫോക്‌ലോർ ഒരു പ്രത്യേകവിഷയമായി ഉരുത്തിരിയുന്നതിന് പശ്ചാത്തലമൊരുക്കിയത്. ഈ വിഷയം ഇന്ത്യയിലെത്തിയപ്പോൾ സ്വാഭാവികമായും കടംകൊണ്ട രീതിശാസ്ത്രമായാണ് അത് പ്രവർത്തിച്ചുതുടങ്ങിയത്. മാത്രവുമല്ല, തങ്ങളുടെ പഠനവിഷയം നാടൻ അല്ല എന്ന് സ്ഥാപിക്കാനുള്ള വ്യഗ്രതയും ഇവിടത്തെ ഫോക്‌ലോർ പണ്ഡിതന്മാരെ നയിച്ചിരിക്കാം. ഈ വ്യഗ്രത താരതമ്യേന കൂടുതലായി പ്രവർത്തിച്ച ഇടം കേരളമാണെന്നും കരുതാം. അതുകൊണ്ടു തന്നെയാണ് ഫോക്‌ലോറിന് മലയാളത്തിൽ ഒരു പേര് കണ്ടെത്തണമെന്നും അത് പ്രചരിപ്പിക്കണമെന്നും അവർക്ക് തോന്നാതിരുന്നത്. ഫോക്‌ലോർ എന്ന ഇംഗ്ലീഷ് പദത്തിന്റെ അർത്ഥവ്യാപ്തി മലയാളത്തിലെ ഒരു പദത്തിനും ലഭ്യമാവില്ലന്ന് സ്ഥാപിക്കാനുള്ള വ്യഗ്രതയിലായിരുന്നു അവർ. ഒരു ജനതയുടെ 'തനതിനെ' അന്വേഷിക്കുന്ന വിഷയത്തിന് ഒരു തനത് രീതിശാസ്ത്രം വേണമെന്ന തോന്നലും അവർക്കുണ്ടായില്ല. 'ഫോക്‌ലോറിന് ഒരു പഠനപദ്ധതി' എന്ന ഗ്രന്ഥത്തിൽ രാഘവൻ പയ്യനാട് ഈ വഴിക്ക് ഒരു ശ്രമം നടത്തിയെങ്കിലും ഫോക്‌ലോറിനെ രൂപപ്പെടുത്തുന്ന കൂട്ടായ്മയുടെ ജീവിതധാരണയും സമീപനങ്ങളും ജനജീവിതത്തെ നിയന്ത്രിക്കുന്ന സാമ്പത്തിക- സാമൂഹ്യസ്വാധീനങ്ങൾക്കെല്ലാം പുറത്താണെന്ന പൂർവനിശ്ചിതനിലപാടാണ് ആ ശ്രമത്തെ നിയന്ത്രിച്ചതെന്നതുകൊണ്ടു തന്നെ അത് വസ്തുതകളാൽ സമ്പന്നമായിരിക്കുമ്പോഴും ദർശനതലത്തിൽ ശുഷ്കമായിത്തീർന്നു. കൂട്ടായ്മയുടെ വിശ്വാസങ്ങളെയും അനുഷ്ഠാനങ്ങളെയും കൂട്ടായ്മയ്ക്കു പുറത്തുള്ള നിലപാടുകളാൽ അപഗ്രഥിക്കുകയോ ചോദ്യം ചെയ്യുകയോ മൂല്യനിർണയം നടത്തുകയോ ചെയ്യരുത് എന്നതാണ് ഫോക്‌ലോറിസ്റ്റുകളിൽ ബഹുഭൂരിപക്ഷത്തിന്റെയും നിലപാട്. 'ഫോക്‌ലോറിന് ഒരു പഠനപദ്ധതി'യിൽ രാഘവൻ പയ്യനാട് സ്വീകരിച്ച നിലപാടും അതു തന്നെ.

Scanned with CamScanner

## साहित्य

പ്രതിഭാധനനായ ഒരു സാഹിത്യകാരന് തക്കംപോലെ അയാളുടെ അനുഭവങ്ങൾക്ക് സാഹിത്യരൂപം കൊടുക്കാൻ കഴിയുകയില്ല. അയാളുടെ മനസ്സും അജ്ഞാതമായ ചില രാസത്വരകങ്ങളും ചേർന്ന് നിറ്റിയെടുക്കുന്നതായിരിക്കും സാഹിത്യരൂപം. അങ്ങനെയല്ലാതെ മറ്റൊരു രൂപവും സൃഷ്ടിക്കാൻ അയാൾക്ക് സാധിക്കുകയുമില്ല. മെക്സിക്കൻ സാഹിത്യകാരനായ ഹുവാൻ റൂൾഫോയുടെ 'പെഡ്രോ പരാമോ' എന്ന പ്രശസ്ത നോവലാണ് ഇതിന് ഏറ്റവും മികച്ച ദൃഷ്ടാന്തം.

തന്റെ നോവലിന്റെ ആന്തരികഭാവങ്ങളിൽ തന്നെ ബദ്ധശ്രദ്ധനായിരുന്നു റൂൾഫോ. മെക്സിക്കോയിലെ ഇറ്റാലിയൻ എംബസിയിൽ നടന്ന ഒരു വിരുന്നിനിടയിൽ ഇറ്റാലിയൻ സാഹിത്യകാരനായ ആൽബെർട്ടോ മൊറാവിയ റൂൾഫോയോട് ചോദിച്ചു. "സെന്യോർ റൂൾഫോ. സൽക്കാരം ഏതാണ്ട് അവസാനിക്കാറായി. എന്നിട്ടും നിങ്ങൾ ഇതുവരെ വാ തുറന്നില്ലല്ലോ." ഉടനെ വന്നു യാദൃച്ഛികമായ മറുപടി. "നിങ്ങൾക്കറിയാമോ, അവിടെ കൊമാലയിൽ ഈ സന്ദർഭത്തിൽ കുതിരയുടെ ശവങ്ങൾ കുഴിച്ചുമൂടുകയാണ്."

'പെഡ്രോ പരാമോ'യിലെ സാങ്കല്പിക നഗരമാണ് 'കൊമാല.' റൂൾഫോയുടെ ജന്മദേശത്തിന്റെ ശരിക്കുള്ള പ്രതിഫലനം. വരണ്ടുണങ്ങിയ പ്രകൃതിയും മനുഷ്യജീവിതത്തിന്റെ ജീർണ്ണതയും ജന്മദേശത്തെ ഗ്രസിച്ചുകൊണ്ടിരുന്നു. ആർദ്രത ആ വിങ്ങുന്ന അന്തരീക്ഷത്തിൽ എത്തിപ്പിടിക്കാനാവാത്ത ഏതോ സ്വപ്നമായിരുന്നു. തീച്ചൂളപോലെ നീറുന്ന ഗ്രാമങ്ങളിൽ മനുഷ്യൻ പ്രേതങ്ങളെപ്പോലെ ജീവിച്ചു. കാലം ഇവിടെ ഒരു കടങ്കഥയായിത്തീരുന്നു. അതുകൊണ്ടുതന്നെയാണ് സ്ഥല-കാലങ്ങളുടെ പരിമിതികൾക്കു വിധേയരല്ലാത്ത മരിച്ച വ്യക്തികളെ നോവലിസ്റ്റ് കഥാപാത്രങ്ങളാക്കുന്നത്.

'പെഡ്രോപരാമോ' എന്ന നോവലിന്റെ തുടക്കം ഇങ്ങനെയാണ്: "എന്റെ അച്ഛൻ, ഏതോ ഒരു പെഡ്രോ പരാമോ ഇവിടെയാണ് താമസമെന്ന് അറിഞ്ഞതുകൊണ്ടാണ് ഞാൻ ഇങ്ങോട്ടുപോന്നത്."

മരണത്തിന്റെ സജീവസാന്നിദ്ധ്യമാണ് ഈ നോവലിന്റെ ഏറ്റവും വലിയ സവിശേഷത. പ്രിയപ്പെട്ടവരുടെ നിരന്തര മരണങ്ങളുടെ അസ്വാസ്ഥ്യം ഹുവാൻ റൂൾഫോയുടെ മനസ്സിൽ തളംകെട്ടി കിടന്നിരിക്കണം. അതുകൊണ്ടാവണം മരിച്ച മനുഷ്യരെ ഉയിർത്തെഴുന്നേല്പിക്കുവാൻ ഈ 'മാസ്റ്റർപീസി'ലൂടെ അദ്ദേഹം ശ്രമിച്ചത്.

## नारी सुरक्षा कानून

### സ്ത്രീ - സംരക്ഷണ നിയമങ്ങൾ

നൂറ്റാണ്ടുകളായിത്തന്നെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റി നിർത്തി പലവിധ വിവേചനങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയരാക്കിയിരുന്ന, സമൂഹത്തിന്റെ പകുതിയോളം വരുന്ന സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുക എന്നത് സ്വതന്ത്ര ഇന്ത്യ ഏറ്റെടുക്കേണ്ടിവന്ന മറ്റൊരു വെല്ലുവിളിയായിരുന്നു. സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിലെ സ്ത്രീ-പുരുഷ സമത്വം എന്ന സങ്കല്പനം പൂർണമായും ഉൾക്കൊണ്ടുതന്നെയാണ് നമ്മുടെ ഭരണഘടനയും പൗരന്മാരുടെ മൗലിക അവകാശങ്ങളെപ്പറ്റി പ്രതിപാദിച്ചത്. അനുച്ഛേദം 14, 15, 16 എന്നിവയിലൂടെ അർത്ഥശങ്കയ്ക്കിടയില്ലാത്ത തരത്തിൽ സ്തീ-പുരുഷ സമത്വം ഉറക്കെ പ്രഖ്യാപിക്കുകയും സ്ത്രീകൾക്കെതിരെയുള്ള എല്ലാവിധ വിവേചനങ്ങളും തടയുകയും ചെയ്തിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ തന്നെ നിത്യജീവിതത്തിൽ സമൂഹം അനുഭവിച്ചുകൊണ്ടിരിക്കുന്ന പലേ സ്ത്രീവിരുദ്ധ പ്രവർത്തനങ്ങളും അവസാനിപ്പിക്കാൻ നിയമങ്ങൾക്കു രൂപം നൽകാനും തുടങ്ങി. അവയിൽ ഏറ്റവും പ്രധാനപ്പെട്ട ചില നിയമങ്ങളെപ്പറ്റി മാത്രമാണ് ഇവിടെ സൂചിപ്പിക്കുന്നത്.

### സ്ത്രീധന നിരോധന നിയമം

സാമൂഹ്യപരിഷ്കർത്താക്കളും ചിന്തകന്മാരും മനുഷ്യാവകാശ പ്രവർത്തകരുമെല്ലാം ഇങ്ങനെയൊരു നിയമത്തിന്റെ ആവശ്യകതയെക്കുറിച്ച് ശക്തമായ ആവശ്യം ഉന്നയിച്ചിരുന്നുവെങ്കിലും 1961ൽ മാത്രമാണ് ഇത്തരത്തിൽ സ്ത്രീധന നിരോധന നിയമം പ്രാബല്യത്തിൽ വന്നത്. വിവാഹത്തോടനുബന്ധിച്ച് സ്ത്രീധനം ആവശ്യപ്പെടുന്നതും കൊടുക്കുന്നതും നിരോധിച്ചുകൊണ്ടുള്ള നിയമം ആണ് നിർമ്മിച്ചത്. ഈ നിയമത്തെ ഒരു ഐതിഹാസികമായ സാമൂഹ്യപരിഷ്കരണ നിയമമായി വാഴ്ത്തപ്പെടുകയും ചെയ്തു.

प्रेम प्रसंग

ടോൾസ്റ്റോയ് टॉल्सटाय

അൻപത്... അൻപത്തഞ്ച്... അറുപത്. ഒരു രൂപം ഒന്നു കണ്ടെത്താൺ. ടോൾസ്റ്റോയി പ്രഭുവിന്റെ പണ്ടത്തെ എല്ലാ അടയാളങ്ങളും അപ്രത്യക്ഷങ്ങളായി. ഒന്നാന്തരമായി വേഷമണിഞ്ഞ് ഗംഭീരനായി മാത്രം നടക്കാറുണ്ടായിരുന്ന ആ പ്രഭു ഇപ്പോൾ സാധാരണ കൃഷീവലരെപ്പോലെ കുറഞ്ഞ കാൽചട്ടയും ജുബ്ബാപ്പോലത്തെ അയഞ്ഞ പരുക്കൻ ഉടുപ്പും-- റഷ്യയുടെ ദേശീയകുപ്പായം—മാത്രമാണ് ധരിക്കാറ്. ഇടയ്ക്ക് ഒരു തോൽവാറും കെട്ടിയിട്ടുണ്ടാവും. ആ മുഖമോ? വെളുത്തുതുടങ്ങിയ നീണ്ട താടി. അലിവും കരുണയും ഒട്ടൊരു ശോകവും സ്ഫുരിക്കുന്ന കണ്ണുകൾ. അവ നമ്മുടെ ആത്മാവിന്റെ രഹസ്യങ്ങളും വേദനകളും നിഷ്പ്രയാസം മനസ്സിലാക്കുമെന്നു തോന്നിപ്പോവും. വാക്കുകളുടെ പണ്ടത്തെ ആ പാരുഷ്യവും മറഞ്ഞുകഴിഞ്ഞു. ആകെക്കൂടി എല്ലാറ്റിനും ഒരു പതം വന്നിട്ടുണ്ട്. എന്നല്ല, വന്ദ്യനായ ആ വൃദ്ധൻ മനുഷ്യരാശിയുടെ പൊതുദുഃഖത്തിന്റെ അദൃശമായ ഒരു കുരിശ് സ്വയം ചുമക്കുന്നതുപോലെതന്നെ നമുക്ക് അനുഭവപ്പെടും.

ഇങ്ങനെ രൂപത്തിൽ മാത്രമല്ല, ശീലത്തിലും വലിയ് മാറ്റങ്ങൾ വന്നിട്ടുണ്ട്.

എന്നും അതിരാവിലെ എഴുന്നേൽക്കും. ദിനകൃത്യങ്ങൾ കഴിച്ചതിനുശേഷം, വീട്ടിലേക്കാവശ്യമായ വെള്ളം മുഴുവൻ കിണറ്റിൽനിന്നു പമ്പുചെയ്തു കയറ്റും എന്നിട്ട് മുറിയെല്ലാം തന്നത്താൻ അടിച്ചുവാരി, രാവിലത്തെ ചായയ്ക്ക് വെള്ളം തിളപ്പിക്കും. ചായഇലകൾ എണ്ണിപ്പെറുക്കിയാണ് ഇടുന്നതെന്നുതോന്നും. കണ്ടമാനം ധൂർത്തടിക്കാൻ പാടില്ല പിന്നെ കാട്ടിൽ പോയി വിറകുവെട്ടും. അല്ലെങ്കിൽ വയലിൽ ഇറങ്ങി വേലചെയ്യും. ദിവസം കുറഞ്ഞത് എട്ടുമണിക്കൂർ അങ്ങനെ അപ്പത്തിനുവേണ്ടി പണിയെടുക്കും. അതാ നോക്കൂ--കണ്ണെത്തുവോളം പരന്നുകിടക്കുന്ന വയലിൽ, പണിയാളരുടെ ഇടയിൽനിന്നുകൊണ്ട്, വളഞ്ഞ അരിവാൾ! അദ്ദേഹം ആഞ്ഞാഞ്ഞുവീശുന്നു. കണ്ടിടത്തോളം, ജോലിയിൽ തികച്ചും മുഴുകിയിരിക്കയാണ്. മിക്കപ്പോഴും കൂടെ അനുയായികളും കാണും. റഷ്യയിലെ ഏറ്റവും വലിയ പ്രഭുകുടുംബങ്ങളിൽ നിന്ന് പോന്നിട്ടുള്ളവർ - ബുദ്ധിജീവികൾ, പ്രഫസർമാർ, ഡോക്ടർമാർ, കലാകാരന്മാർ, വലിയ ഉദ്യോഗങ്ങൾ വലിച്ചെറിഞ്ഞു പോന്നിട്ടുള്ളവർ, സ്വദേശികൾ, വിദേശികൾ -- എന്നുവേണ്ടാ എല്ല നിലയിലും എല്ലാ തരത്തിലും ഉള്ളവർ.

सूचना प्रौद्योगिकी

## ഓൺലൈൻ ഡയറി

കൂട്ടുകാർ ഡയറിക്കുറിപ്പുകളെഴുതാറില്ലേ. മിക്കവാറും വ്യക്തിപരമായ കാര്യങ്ങളാവും ഇത്തരം കുറിപ്പുകളുടെ ഉള്ളടക്കം. ഇതുപോലത്തെ വ്യക്തിഗത കുറിപ്പുകളാണ് ഓൺലൈൻ ഡയറിയിലും ഉണ്ടാവുക. ചിലവിത്യാസങ്ങൾ മാത്രം ഇതെഴുതുന്നത് കടലാസിലല്ല, കമ്പ്യൂട്ടറിലാണ്. ഡയറിയെഴുതി അലമാരിയിലോ ബാഗിനുള്ളിലോ സ്വകാര്യമായി കൊണ്ടുനടക്കുമ്പോൾ ഓൺലൈൻ ഡയറികൾ വേൾഡ് വൈഡ് വെബ്ബിലെ (WWW) ഏതെങ്കിലും പേഴ്സണൽ വെബ്സൈറ്റിൽ വായിക്കാം. ഓൺലൈൻ ജേണൽ എന്നും ഈ ഡയറികൾക്ക് പേരുണ്ട്.

1994 ലാണ് ഓൺലൈൻ ഡയറിയെഴുത്ത് എന്ന സമ്പ്രദായം തുടങ്ങിയത്. ഐടി കമ്പനിയായ ഐബിഎമ്മിന്റെ ഗവേഷണവിഭാഗത്തിലെ ശാസ്ത്രജ്ഞൻക്ലോഡിയോ പിൻഹാനെസിനെയാണ് ഓൺലൈൻ ഡയറിയെഴുത്തിന്റെ തുടക്കക്കാരനായി കണക്കാക്കുന്നത്. 'ഓപ്പൺ ഡയറി' എന്നാണ് അദ്ദേഹത്തിന്റെ ഡയറിയുടെ പേര് www. geocities.com /pinhanez/open_diary.htm എന്ന വെബ്സൈറ്റിൽ കയറിയാൽ ഈ ഡയറി വായിക്കാം.

## ബ്ലോഗ്

ഓൺലൈൻ ഡയറിയുടെ പരിഷ്കരിച്ച രൂപമാണ് ബ്ലോഗ്. വെബ്ലോഗ് (വെബ്ലോഗ്) എന്നതിന്റെ ചുരുക്കപ്പേരാണ് ബ്ലോഗ് എന്ന് പലർക്കും അറിയാമായിരിക്കും.

ബ്ലോഗിലെ ഉള്ളടക്കം ഇന്നതായിരിക്കണമെന്ന് വ്യവസ്ഥയൊന്നുമില്ല. വാർത്തകൾ, രാഷ്ട്രീയം, ശാസ്ത്രം, സാഹിത്യം എന്നിങ്ങനെ ഏതു വിഷയത്തെക്കുറിച്ചും എത്ര വേണമെങ്കിലും ബ്ലോഗിയിലെഴുതാം.

നമ്മൾ എഴുതുന്നത് പ്രസിദ്ധീകരിക്കാൻ പ്രസാധകനെ തേടിനടക്കേണ്ട, വയനക്കാരന് നമ്മുടെ എഴുത്തിനെ പറ്റിയുള്ള അഭിപ്രായം അപ്പപ്പോൾ ബ്ലോഗിലെ നിശ്ചിത സ്ഥലത്ത് രേഖപ്പെടുത്താം എന്നിവയൊക്കെയാണ് പുസ്തകങ്ങളിൽ നിന്ന് ബ്ലോഗിനെവ്യത്യസ്തമാക്കുന്നത്. www.blogger.com എന്ന വെബ്സൈറ്റിൽ ചെന്നാൽനിങ്ങൾക്കും സൗജന്യമായി സ്വന്തം ബ്ലോഗുണ്ടാക്കാം.

Scanned with CamScanner

चित्रकला

വാക്കുകളുടെയോ അവ സൃഷ്ടിക്കുന്ന അർത്ഥങ്ങളുടെയോ ആവശ്യം ഇല്ലാതെ നിലനില്ക്കുന്ന ഒന്നാണ് ചിത്രങ്ങൾ എന്നു വിശ്വസിക്കുന്നു കെ. ദാമോദരൻ. അങ്ങനെയുള്ള ഒരു ചിത്രകാരന്റെ രചനകളെ വാക്കുകളിലൂടെ പരിചയപ്പെടുത്തുകയെന്നത് വല്ലാത്ത വൈരുദ്ധ്യമാവും. എങ്കിലും ഋതുഭേദംപോലെ സംഭവ്യവുമാണ്. ദൈവത്തെ അന്വേഷിച്ചപ്പോൾ പൂത്തുലഞ്ഞ മരംപോലെ ഈ ചിത്രങ്ങൾ മനസ്സിലുലയവേ, ഈ വാക്കുകൾ എന്തിനെ കുറിക്കും? ഒരു വഴി? ദൈവത്തെ 'ഒഴിവാ'യാണ് അറിയുന്നതെങ്കിൽ ആ ഒഴിവിലേക്ക് ഇതു നയിച്ചേക്കാം. ആ 'ഒഴിവി'നെ 'നിറവാ'യ് അറിയുകയും ആ അനുഭവതീവ്രതയിലൂടെ ചിത്രങ്ങളെന്ന ജീവരൂപികളെ സൃഷ്ടിക്കുകയും ചെയ്യുന്നു ദാമോദരനെന്ന ഈ ചിത്രകാരൻ.

1956-ൽ സാമ്പത്തികശാസ്ത്രത്തിൽ ബിരുദമെടുത്ത ഒരു യുവാവ് ജീവിതത്തിലെ തന്റെ കർമ്മം ചിത്രംവരയ്ക്കലാണെന്നു സ്വയം കണ്ടെത്തുന്നു. നാലു ദശകങ്ങളേറെക്കഴിഞ്ഞിട്ടും ആ കണ്ടെത്തലിന്റെ ദൃഢതയും വ്യക്തതയും ഉലയാതെ, പൊടിയേല്ക്കാതെ സൂക്ഷിക്കുകയും ചെയ്യുന്നു. കെ. ദാമോദരന്റെ കലയുടെ പ്രധാന സ്വഭാവം ഈ ദൃഢതയും വ്യക്തതയുംതന്നെയാണ്. വീട്ടുകാരുടെ എതിർപ്പു വകവയ്ക്കാതെ നല്ലൊരു ജോലി രാജിവച്ച്, കെ.സി.എസ്. പണിക്കരുടെ ശിഷ്യനായി ചിത്രകല പഠിക്കാൻ 1962-ൽ ചേരുമ്പോൾ മദ്രാസ് കോളേജ് ഒഫ് ആർട്സ്, അതിന്റെ ഏറ്റവും പ്രകാശമേറിയ കാലത്തിലൂടെ കടന്നുപോവുകയായിരുന്നു. വിശ്വനാഥൻ (പാരീസ്), ഹരിദാസ്, എസ്.ജി. വാസുദേവ്, കാനായി കുഞ്ഞിരാമൻ, ആദിമൂലം, ജയപാലപ്പണിക്കർ തുടങ്ങിയവർ ദാമോദരന്റെ സഹപാഠികളായി അന്ന് അവിടെയുണ്ടായിരുന്നു. കാറൽ മാർക്സിന്റെ സിദ്ധാന്തങ്ങളിൽ വല്ലാതെ മുഗ്ദ്ധനായിരുന്ന ഈ ചെറുപ്പക്കാരൻ കെ.സി.എസ്സിന്റെ ശിഷ്യരിൽ ഒരു റബൽ ആയിരുന്നു. കെ.സി.എസ്സിന്റെ കലാകാരന്മാർ കരകൗശലപ്പണികൾ ചെയ്തു ജീവിതത്തിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കിയാൽ ബാക്കിസമയം കല ചെയ്യാനാവുമെന്ന, പ്രായോഗികമെങ്കിലും ഇരട്ടജീവിതാശയത്തെ ദൃഢമായി എതിർത്തത് ദാമോദരൻ മാത്രമായിരുന്നു,

ऊर्जा उत्पादन

കഴിഞ്ഞ 100 കൊല്ലം കൊണ്ട് വികസിത രാജ്യങ്ങൾ അവരുടെ വ്യാവസായിക വികാസം പരമാവധി സാധിച്ചിരിക്കുന്നു. പ്രകൃതി വിഭവങ്ങളുടെ നല്ലൊരു പങ്ക് അതിനായി അവർ ഉപയോഗിച്ചു കഴിഞ്ഞു. പ്രത്യേകിച്ചും ഊർജ്ജോല്പാദന സ്രോതസ്സുകൾ. ഇന്ന് വികസ്വര രാജ്യങ്ങൾ അവരുടെ പാത പിൻതുടരാൻ വെമ്പൽ കൊള്ളുകയാണ്. കൂടുതൽ കൂടുതൽ ഊർജ്ജ ഉപയോഗം അവൻ ഉന്നംവയ്ക്കുന്നു. കൂടുതൽ ഊർജ്ജ സ്രോതസുപഭോഗം നടപ്പാക്കിക്കൊണ്ടിരിക്കുന്നു!

ഊർജ്ജ ഉല്പാദനവും ഉപഭോഗവും പരിസ്ഥിതിക്കുമേൽ പലതരം സമ്മർദ്ദങ്ങളാണ് ഉണ്ടാക്കുന്നത്. ഇത് പൊതു ജനാരോഗ്യത്തെ ബാധിക്കുന്നു. പ്രധാനപ്പെട്ട ചില പ്രവണതകൾ താഴെ പറയുന്നവയാണ്.

1. ഊർജ്ജവുമായി ബന്ധപ്പെട്ട ഹരിതഗൃഹ വാതകങ്ങളുടെ വിസർജ്ജനം (GHG Emissions) യൂറോപ്പിലും മറ്റും ഊർജ്ജോൽപ്പാദനം, ചൂടുണ്ടാക്കാൻ വേണ്ടി ഇന്ധനം കത്തിക്കൽ എന്നീ രംഗങ്ങളാണ് ഇതിന്റെ പ്രധാനം - 80%. ചരക്കു കടത്തലാണ് തൊട്ടുപിന്നിൽ.

2. ആണവ ഊർജ്ജ രംഗത്ത് ആണവമാലിന്യം കുമിഞ്ഞുകൂടുന്നു.

ഇനി നമുക്ക് വിശദാംശങ്ങളിലേക്ക് കടക്കാം.

1. ജലവൈദ്യുതപദ്ധതിയുടെ പരിസര ആഘാതം

ജലസംഭരണികളുടെ പ്രോക്താക്കൾ എന്നും വിശ്വസിച്ചിരുന്നത് ഡാമുകൾ ജലസംബന്ധമായ ഊർജ്ജത്തിന്റെയും പരിസരത്തിന്റെയും പദവി അഭിവൃദ്ധിപ്പെടുത്തുമെന്നാണ്. വൈദ്യുതി ഉല്പാദനം വഴിയും കൃഷിയാവശ്യത്തിന് ജലസേചനം വഴിയും.

എന്നാൽ ഈയിടെയാണ് ഡാമുകളുടെ വിപരീതമായ പ്രതിച്ഛായയ്ക്ക് പ്രചാരമേറിയത്. ജലസംഭരണികൾ പരിസ്ഥിതിക്കും മനുഷ്യസമൂഹത്തിനും ആത്യന്തികമായി ഗുണകരമോ ദോഷകരമോ എന്ന വാദപ്രതിവാദങ്ങൾ നിലനിൽക്കുന്നു.

Scanned with CamScanner

## पर्यावरण

പുഴയുടെ ഉൽഭവസ്ഥാനത്തേക്ക് പലായനം ചെയ്യുന്നതുപോലെ തന്നെയാണ് ചില മത്സ്യജാതികൾ പുഴയുടെ അപ് സ്ട്രീമിൽ നിന്നും കീഴ്പ്രദേശത്തേയ്ക്ക് ദേശാന്തരഗമനം ചെയ്യുന്നത്. അവയുടെ പ്രയാണം കായലിൽ ചെന്നവസാനിക്കണം. അതാണവയുടെ ജീവിതചക്രസ്ഥിതി. അണക്കെട്ടുകൾ ഈ പ്രയാണത്തെയും തടയുന്നു.

അണക്കെട്ടുകൾ വെള്ളപ്പൊക്കം കൊണ്ട് തണ്ണീർത്തടങ്ങളേയും പുഴയോര വനങ്ങളേയും നദീതീരആവാസങ്ങളേയും പ്രതികൂലമായി ബാധിക്കുന്നു. ജൈവവൈവിധ്യനാശമാണ് ഈ അവസ്ഥ പ്രദാനം ചെയ്യുന്നത്. പുഴയോര വനങ്ങൾ (riverine forests) വളരെ പ്രത്യേകതയുള്ള ഏറ്റവും ജൈവവൈവിധ്യം നിറഞ്ഞ ആവാസ വ്യവസ്ഥയാണ്. ഡാമുകളുടെ മറ്റൊരു പ്രത്യാഘാതം അണക്കെട്ടിന്റെ കീഴ്പോട്ടുള്ള നദീഭാഗത്ത് പ്രകൃത്യാലുള്ള വെള്ളപ്പൊക്കം ഉണ്ടാവുന്നില്ല എന്നതാണ്. നദികൾക്ക് ഇങ്ങനെ മലവെള്ളപ്പൊക്കം കൊണ്ട് ചില കാലാവസ്ഥയിൽ മുങ്ങിപ്പോകുന്ന ഓരങ്ങളുണ്ട്. ഫ്ളഡ്പ്ലെയിൻസ് എന്നു വിശേഷിപ്പിക്കപ്പെടുന്ന തീരങ്ങൾ. മലവെള്ളം ഇവിടെ എക്കൽ നിക്ഷേപിക്കുന്നു. അങ്ങനെ തീരങ്ങളെ ഫലഭൂയിഷ്ഠമാക്കുന്നു. ഒരു ഇക്കോവ്യൂഹം സാധാരണ നിലയിൽ നീരൊഴുക്കുകൊണ്ട് മണ്ണൊലിപ്പുണ്ടാകുന്ന നദീതീരങ്ങളെ രക്ഷിക്കുന്നത് ഈ എക്കൽ അടിയുന്ന പ്രതിഭാസം കൊണ്ടാണ്. നദീ വിദഗ്ദ്ധർ പറയുന്നത് ഒരു പുഴയേയും എക്കൽ വിശപ്പിന് വിധേയമാക്കരുതെന്നാണ്. അത് നദീതീര പരിസ്ഥിതിയെ തകർക്കുമെന്നു മാത്രമല്ല കടൽത്തീരത്തേയും നദികളുടെ ഡെൽറ്റ പ്രദേശത്തുണ്ടാവുന്ന തുരുത്തുകളേയും ബാധിക്കും. സമുദ്രത്തിലേക്ക് പോഷകങ്ങളെ വഹിച്ചുകൊണ്ടുവരുന്നതും പുഴകളാണ്. പ്രത്യേകിച്ചും തീരക്കടലിലെ ജൈവവൈവിധ്യം നിലനിർത്തുന്നത് ഈ പോഷകങ്ങളാണ്.

## कविता

### नारी के प्रति

ഇന്നലെവരെ
നിന്നെപ്പൊതിഞ്ഞ
വസനത്തിൽ നിന്ന്
മുക്തി നേടുക.
പരുഷതയുടെ,
ക്രൗര്യത്തിന്റെ,
പ്രചണ്ഡതയുടെ
മൂടുപടത്തിൽ നിന്ന്
കൂടുവിട്ട് കൂടുമാറുക-
ആർദ്രതയിലേക്ക്,
കരുണയിലേക്ക്,
വിലോലതയുടെ
ശുഭ്രതയിലേയ്ക്ക്
ചമയവിളക്കിന്റെ
ആലക്തികത
രൂപാന്തരത്വത്തെ
പൂർണ്ണതയോടടുപ്പിക്കും;
അഞ്ചുതിരിയിൽ
നിന്റെ പരുഷത
കരിഞ്ഞൊടുങ്ങുമെങ്കിൽ,
ദയ നാളമായി
തെളിഞ്ഞുയരുമെങ്കിൽ.
* ഇത് ദേഹിയുടെ
ദേഹം വെടിയൽ.
നിനച്ചതെല്ലാം
നിനക്കുനേടാം
ഈ മായാവസനത്തിലൂടെ.
ആഗ്രഹം
നിന്നെത്തേടി എത്തുക തന്നെ ചെയ്യും.
വിജൃംഭിതമായ ക്രൗര്യം
പത്തിതാഴ്ത്തി പിൻമടങ്ങുമെങ്കിൽ
മസൃണതയുടെ, തരളതയുടെ
ആർദ്രമായ ഈ മൂടുപടം
നീ ഒരിക്കലും അഴിയ്ക്കുകയേ ചെയ്യാതിരിക്കുമെങ്കിൽ!

– पद्मा दास

## अर्थ जगत : शेयर मार्केट

### ഓഹരിയുടെ മായാജാലം.

ഇവിടെ ഓഹരിവിപണിയുടെ പ്രവർത്തനശൈലിയെ കുറെക്കൂടി അടുത്തു മനസ്സിലാക്കാൻ നാം തയ്യാറാകേണ്ടിയിരിക്കുന്നു. ഒരു കമ്പനിയുടെയും വിപണിയിലുള്ള അതിന്റെ ഓഹരിവിലയുടെയും മൂല്യനിർണ്ണയം രണ്ടു ഘടകങ്ങളെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. ഒന്ന്, കമ്പനിയുടെ വർത്തമാനകാല സാമ്പത്തികസ്ഥിതി. രണ്ട്. അതിന്റെ ഭാവിവളർച്ചാസാദ്ധ്യത. ഒരു കമ്പനിയുടെ പ്രകടനത്തെ വിലയിരുത്താനുള്ള സൂചിക വില-നേട്ട അനുപാതത്തിന്റെ അടിസ്ഥാനത്തിലാണ് കണക്കുകൂട്ടുന്നത്. ഒരു ഓഹരിയുടെ വിപണിവിലയും ആ ഓഹരിയിൽ നിന്ന് ഉടമയ്ക്ക് ലാഭവിഹിതമായി കിട്ടുന്ന നേട്ടവും തമ്മിലുള്ള അനുപാതമാണ് വില-നേട്ട അനുപാതം. (ലാഭം/ഷെയറിന്റെ എണ്ണം) വിപണിയെ ശ്രദ്ധയോടെ പഠിക്കുന്ന ഒരാൾക്ക് കമ്പനിയുടെ വർത്തമാനകാല സാമ്പത്തികസ്ഥിതിയെ സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടാകും. ഊഹക്കച്ചവടത്തിനുള്ള സാദ്ധ്യത പക്ഷെ പരിമിതമായിരിക്കുകയും ചെയ്യും. എന്നാൽ ഒരു കമ്പനിയുടെ ഭാവിവളർച്ചാസാദ്ധ്യത എന്തെന്ന് കണക്കു കൂട്ടുന്നത് ഏറ്റവും അനുകൂലമായ സന്ദർഭത്തിൽപ്പോലും ഒരു ഊഹാപോഹമാണ്. സാങ്കേതികവിദ്യ, സർക്കാർനയങ്ങൾ, സാമൂഹ്യധാരണകൾ, ദേശീയവരുമാന വളർച്ചയും അവയുടെ വിതരണവും ഇങ്ങനെ ഒട്ടനവധി ഘടകങ്ങളിൽ ഉണ്ടാകാവുന്ന മാറ്റങ്ങളെയും അത്തരം മാറ്റങ്ങളോട് പ്രതികരിക്കുന്നതിൽ കമ്പനി പ്രകടിപ്പിക്കുന്ന കഴിവിനെയും ആശ്രയിച്ചാണ് അതിന്റെ ഭാവിവളർച്ചാസാദ്ധ്യതകൾ നിലകൊള്ളുന്നത്. ഇവിടെയാണ് ഊഹക്കച്ചവടക്കാരും ചൂതാട്ടക്കാരും പ്രവേശനം നടത്തുന്നതും.

ഒരു ഓഹരിവിപണിയിൽ പല സ്വഭാവത്തിലുള്ള കളിക്കാരുണ്ടാകും. വിദേശികളോ സ്വദേശികളോ ആയ തങ്ങളുടെ ഇടപാടുകാർക്കുവേണ്ടി നിക്ഷേപം നടത്തുന്ന സ്ഥാപനങ്ങളും, നിക്ഷേപത്തിന് ന്യായമായ ലാഭം പ്രതീക്ഷിച്ചു മുതൽമുടക്കുന്ന വ്യക്തികളും ഓഹരിവിപണിയിൽ പ്രവർത്തിക്കുന്നു. ഊഹക്കച്ചവടക്കാരും ചൂതാട്ടക്കാരും മുതൽ ഒറ്റരാത്രികൊണ്ട് വൻലാഭം കൊയ്തുകൊണ്ട് കടന്നുകളയുന്ന തന്ത്രശാലികൾ വരെ ഇവിടെയുണ്ട്. അന്തർദ്ദേശീയതലത്തിൽ പ്രവർത്തിക്കുന്ന ചില ഊഹക്കച്ചവടക്കാരാണെങ്കിൽ ഇന്ത്യൻ വിപണികളിലെ ഓഹരികൾ ഒന്നടങ്കം തന്നെ വാങ്ങിക്കൂട്ടാൻ കെല്പുള്ളവരാണ്. വാങ്ങാനോ വിൽക്കാനോ ഉള്ള അവരുടെ തീരുമാനം വിപണിയുടെ ഗതിയെ കാര്യമായി സ്വാധീനിക്കുന്നതായിരിക്കും.

## ग्रामीण प्रौद्योगिकी

ഗ്രാമീണ സാങ്കേതിക വിദ്യ എങ്ങനെയാണ് നിർവചിക്കാനാവുക? ഗ്രാമീണ സാങ്കേതിക വിദ്യ (Rural Technology) എന്നതിനു പകരം നാടിനുചേർന്ന സാങ്കേതിക വിദ്യയെന്നോ അനുയോജ്യ സാങ്കേതിക വിദ്യയെന്നോ (Appropriate Technology) ഏതാണ് കൂടുതൽ യോജിക്കുക? ഗ്രാമീണ സാങ്കേതിക വിദ്യയ്ക്കു പ്രാധാന്യം കൊടുക്കുന്നത് കാലത്തെ പിറകോട്ടു നയിക്കുകയാണോ? നിർവചനങ്ങളുടെ എണ്ണം കൂടിക്കൂടി വരുന്നു. നിസ്സാരമായ ഒരു വാക്കിന് ഇത്രയധികം നിർവചനം വരുന്നത് അത് എന്തെന്നു ശരിയായി നിർവചിക്കാനാവാതെ വരുമ്പോഴാണ്.

എന്തായാലും ഗ്രാമങ്ങൾക്ക് ഗുണകരമാകുന്നതാണ് ഈ സാങ്കേതിക വിദ്യ. അത് ഗ്രാമത്തിൽനിന്ന് ഉയിർക്കൊണ്ടതാകാം. അതല്ലെങ്കിൽ ഗ്രാമജീവിതത്തിനു ഗുണകരമാകുന്ന ആധുനിക സാങ്കേതിക വിദ്യയുമാകാം. എന്തായാലും ആധുനിക ശാസ്ത്രസമൂഹം ഗ്രാമീണസാങ്കേതികവിദ്യയെ അഥവാ അനുയോജ്യസാങ്കേതിക വിദ്യയെ രണ്ടാമത്തെ ഗണത്തിൽ കണ്ടേമതിയാകൂ. ഇത് ഗ്രാമജീവിതത്തിന്റെ ഗുണനിലവാരം കൂട്ടും. ആറന്മുള കണ്ണാടിയോ അടയ്ക്കാപുത്തൂർ കണ്ണാടിയോ ആദ്യത്തെ ഗണത്തിൽപ്പെടുത്താം. ഗ്രാമത്തിൽനിന്ന് ഉയിർക്കൊണ്ട സാങ്കേതികവിദ്യയാണത്. അതേസമയം കൃത്രിമഉപഗ്രഹം ഉപയോഗിച്ച് മത്സ്യക്കൂട്ടങ്ങളെ കണ്ടെത്തുകയും അതിന്റെ യാത്രയനുസരിച്ച് മാറിക്കൊണ്ടിരിക്കുന്ന അക്ഷാംശവും രേഖാംശവും പത്രത്തിൽ കൊടുക്കുകയോ മൊബൈൽ ഫോൺവഴി എസ്.എം.എസ്. അയയ്ക്കുകയോ ചെയ്യുന്നത് രണ്ടാമത്തെ ഗണം. Global Positioning System എന്ന ചെറുസംവിധാനം ഉപയോഗിച്ച് അക്ഷാംശവും രേഖാംശവും കണ്ടെത്തി മത്സ്യക്കൂട്ടത്തിനടുത്ത് വലവിരിക്കാനാവുന്നത് ഗ്രാമജീവിതത്തിന് ചാകരയാകും. സോണാർ ഉപയോഗിച്ച് ഏതുതരം മത്സ്യം ആണെന്നുള്ള അറിവും അതനുസരിച്ചുള്ള വല ഉപയോഗിക്കുന്നതും ഗ്രാമീണ ടെക്നോളജിയാണ്. മത്സ്യവള്ളം മറിഞ്ഞാൽ രണ്ടു ദിവസം ഹെലികോപ്ടറിൽ അന്വേഷിച്ചു നടക്കുന്നതിനു പകരം മൊബൈൽഫോൺ ഉപയോഗിച്ച് കൃത്യമായ അക്ഷാംശവും രേഖാംശവും കരയിലേക്ക് വിളിച്ച് അറിയിക്കുന്നത് വിലയേറിയ ജീവൻ വേഗം രക്ഷിക്കാനാകും.



Scanned with CamScanner

## आदि द्रविड

ഹിമാലയത്തിൽ നിന്നിറങ്ങിയാൽ ശാഖോപശാഖകളോടു കൂടിയ നദികളും, അവ പർവ്വത ശിഖരങ്ങളിൽ നിന്നു വാരിവലിച്ചെത്തിച്ച കല്ലും മണ്ണും കൊണ്ടു തൂർന്നു നിരപ്പായിത്തീർന്ന വളക്കൂറേറിയ ഭൂഭാഗങ്ങളുമാണ്. അവിടങ്ങളിൽ വച്ചു ക്രിസ്ത്വബ്ദാൽ പൂർവവും പരവുമായി ആര്യ ദ്രാവിഡർ തമ്മിൽ നടന്ന മഹാസമരങ്ങളുടെ ത്ഡണത്ഡണ നാദം, രാമായണവും മഹാഭാരതവും ഇന്ത്യൻ സംസ്കാരത്തിന്റെ ചെപ്പേടുകളെന്ന നിലയ്ക്കു പരിശോധിച്ചിട്ടുള്ളവരുടെ ചെവികളിൽ ഇന്നും പ്രതിധ്വനിക്കാൻ പാടുണ്ട്. ഗംഗാതീരത്തിൽ നിന്നു കിഴക്കോട്ടു നീങ്ങി ബംഗാളിലേക്കു കടന്നാൽ കാണുന്നവർ ഒരു വക. ഗംഗയ്ക്കരികത്തായാൽ ആളുകൾക്കു ബ്രാഹ്മണ്യം കൂടി. അവിടെനിന്നു ാസൈന്ധവ ദേശത്തോളം ചെന്നാൽ മിശ്രമേ മിശ്രം. അവിടെ കാണുന്ന വെങ്കലക്കൂട്ടുകളിൽ എന്തൊക്കെ ചെർന്നിട്ടുണ്ടോ ആവോ ? എങ്ങനെയായാലും ക്ഷത്രിയ വൈശ്യ ധർമ്മങ്ങൾക്കാണ് ആ ഭാഗങ്ങളിൽ പ്രാധാന്യം.

ആര്യന്മാർക്കും മുമ്പ് ഉത്തരഭാരതത്തിൽ സംസ്കാര സമ്പന്നരായൊരു വർഗക്കാരുയിരുന്നുവെന്നും അവർ ദ്രാവിഡരായിരുന്നുവെന്നും ഇപ്പോൾ വിദ്വത്സമ്മതമായിട്ടുണ്ടല്ലോ. സംസ്കാര വികാസ വിഷയകമായി ഉപര്യുപരി ഗവേഷണങ്ങൾ നടത്തിയ ചില പണ്ഡിതവര്യന്മാരുടെ അഭിപ്രായത്തിൽ ആ ദ്രാവിഡർ - മേൽപ്പറഞ്ഞ നദികളുടെ തീരങ്ങളിലൊക്കെ നഗരങ്ങൾ കെട്ടി രാഷ്ട്രങ്ങൾ സ്ഥാപിച്ച ദ്രാവിഡർ - രണ്ടു മഹാഗണങ്ങൾ സമ്മേളിച്ചുണ്ടായവരാണ് - മരുമക്കത്തായികളും മക്കത്തായികളും. മരുമക്കത്തായികൾ ഗംഗയ്ക്കു കിഴക്കായിരുന്നുവത്രേ ആദ്യം. പിന്നീടവർ പടിഞ്ഞാറൻ ഭാഗങ്ങളിലേക്കു നീങ്ങി മക്കത്തായികളുമായി കൂടി. ആ ഒഴുക്കിൽ ദ്രാവിഡർ കലർപ്പിനിടയാകാതെ കടൽത്തീരങ്ങളിലൂടെ തെക്കൊട്ടു കടന്നിരിക്കാമെന്നൊരു മതമുണ്ട്. ആ സ്ഥിതിക്ക് ബംഗാളികളും മലയാളികളും തമ്മിൽ കൂടുതൽ സാരൂപ്യം ഉണ്ടാകാൻ പാടില്ലേ? ബംഗാൾ ദ്രാവിഡർ മക്കത്തായികളായ ആര്യന്മാരുമായി ഇണങ്ങി മേൽക്കുമേൽ പരിഷ്കാരം പ്രാപിച്ചു കഴിഞ്ഞു. മലയാളികൾ മരുമക്കത്തായികൾ പരിഷ്കാരത്തിന്റെ മറുതല കണ്ടിട്ടും തായ് വഴി വിട്ടു തന്തവഴി പിടിച്ചു കഴിഞ്ഞിട്ടില്ല.

## विश्व का रहस्य

പ്രപഞ്ചപഠനത്തിൽ പ്രത്യേകം ഓർക്കേണ്ട വസ്തുത, അതിന്റെ വലിപ്പവും ഘടനയും സ്വഭാവവും അപഗ്രഹിക്കുവാൻ ശ്രമിക്കുന്ന നാം ആദ്യം പറഞ്ഞ ദൃശ്യലോകത്ത് ജിവിച്ചുകൊണ്ടാണ് അപ്രകാരം ചെയ്യുന്നതെന്നതാണ്. നമ്മുടെ നിയമങ്ങളും സിദ്ധാന്തങ്ങളുമെല്ലാം സൂക്ഷ്മകണങ്ങൾക്കും മഹാസമുച്ചയത്തിനും ഒരുപോലെ പ്രസക്തമാണെന്ന സങ്കല്പത്തിലാണ് പ്രപഞ്ചത്തെ നാം അപഗ്രഥിക്കുന്നതും സിദ്ധാന്തങ്ങൾ രൂപികരിക്കുന്നതും. യഥാർത്ഥത്തിൽ ദൃശ്യലോകത്തെക്കുറിച്ച് മാത്രമാണ് ഭാഗികമായെങ്കിലും ഒരു സാധാരണ അറിവാണ് നമുക്കുള്ളത്. അതിന്റെ അടിസ്ഥാനത്തിലുള്ളതാണ് നമ്മുടെ നിലവിലുള്ള പ്രപഞ്ചചിത്രവും. എന്നാൽ യഥാർത്ഥ പ്രപഞ്ചം വികസ്വരമായ ധാരണകളിൽനിന്നും എത്രയോ വ്യത്യസ്തമായേക്കാം. നഗ്ന നേത്രങ്ങൾകൊണ്ടും ദൂരദർശിനികളുപയോഗിച്ചും കാണാൻ കഴിയുന്നതും അല്ലാത്തതുമായഅനേകകോടി നക്ഷത്രങ്ങൾക്കും , നക്ഷത്രക്കൂട്ടങ്ങൾക്കും അതുപോലെ സൂക്ഷ്മദർശിനികളിലൂടെപ്പോലും കാണാനാകാത്ത ക്വാർക്ക്, മെസോൺ ന്യൂട്രിനൊ തുടങ്ങിയ അതിസൂക്ഷ്മദ്രവ്യകണങ്ങൾക്കും, നമ്മുടെ പരിചിതലോകത്തിലെ ഭൗതികനിയമങ്ങൾ യോജിച്ചവയാണെന്ന് കരുതുന്നത് അതിരുകടന്ന ആത്മവിശ്വാസം കൊണ്ടുമാത്രമാണ്. സൂക്ഷ്മതലത്തിന്റെ അപഗ്രഥനത്തിന് ദൃശ്യതലവസ്തുക്കളുടെ അത്യഗാധങ്ങളിൽ ഇറങ്ങണം. അതുപോലെ മഹാതലത്തിന്റെ അപഗ്രഥനത്തിന് അനന്തമായ ബഹിരാകാശത്തേക്ക് പറന്നുപറന്ന് പോകണം. സ്ഥൂലതലോപിച്ച് സൂക്ഷ്മാവസ്ഥയിൽ എത്തിനിൽക്കാവുന്ന കണികകളുടെ ലോകവും. നിഗൂഢതകൾ ഉറങ്ങുന്ന അഗാധഗർത്തങ്ങളുടെ ലോകവും സങ്കല്പാതീതദൂരങ്ങളിൽ വ്യാപിച്ചുകിടക്കുന്ന താരാപഥക്കൂട്ടങ്ങളുടെലോകവും ദൃശ്യലോകത്തിലെ മനുഷ്യന് ഇപ്പോഴും വിസ്മയലോകങ്ങൾതന്നെ.



Scanned with CamScanner

बाजारीकरण

മററുപല കമ്പനികളും പരാജയപ്പെട്ടിടത്ത് വാൾമാർട്ട് എന്തുകൊണ്ട് വിജയിച്ചു? പ്രധാനമായും വാൾമാർട്ട് സ്റേറാറുകൾ തുടങ്ങിയത് ചെറുകിട കച്ചവടരംഗത്ത് ഉയർന്ന മത്സരസാന്ദ്രത നിലനിൽക്കുന്ന പട്ടണങ്ങളിലല്ല. മറിച്ച്, ചെറുകിട പട്ടണങ്ങളിൽ സ്റേറാറുകൾ തുടങ്ങുകയും, അതേ പട്ടണത്തിൽ തന്നെ വീണ്ടും വീണ്ടും സ്റേറാറുകൾ തുടങ്ങി ഒടുവിൽ ആ പട്ടണത്തിലെ കച്ചവടം മുഴുവൻ സ്വായത്തമാക്കുകയും ചെയ്യുന്നു. ഇതിനെ നമുക്ക് വാൾമാർട്ട് വത്കരണം (Walmartisation) എന്നു വിളിയ്ക്കാം. ഒരു പട്ടണത്തിലെ വാൾമാർട്ടൈസേഷൻ പൂർത്തിയാകുമ്പോൾ, പിന്നെ ആ പട്ടണത്തിലെ മററു കച്ചവടക്കാർ നിർദ്ധാരണം ചെയ്യപ്പെട്ടിരിക്കും.

വാൾമാർട്ട് സ്റേറാറുകളിൽ സാധനങ്ങൾക്ക് പൊതുവെ വിലക്കുറവായിരിക്കും. അതിന്റെ പ്രധാനപ്പെട്ട കാരണം വില്പന സാധനങ്ങളുടെ ശേഖരണ-വിതരണ രീതിയാണ്. ഉല്പാദകരിൽ നിന്നും കൃഷിക്കാരിൽ നിന്നും കർക്കശ്ശമായ വിലപേശൽ നടത്തി നേരിട്ട് സാധനങ്ങൾ ശേഖരിച്ച് സ്വന്തം വിതരണ സംവിധാനങ്ങൾ ഉപയോഗിച്ച് സ്റേറാറുകളിൽ എത്തിച്ച് മററുകച്ചവടക്കാരെ പിൻതള്ളുന്ന വില്പനവില നിശ്ചയിച്ച് സാധനങ്ങൾ വില്ക്കുന്നു. ഇതാണ് "everyday low price" എന്ന വില്പന വാക്യത്തിന്റെ അടിത്തറ. ഇത്തരം തന്ത്രത്തിന്റെ ഫലമായി, മററു സ്റേറാറുകളുമായി ബന്ധപ്പെട്ട് സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കളെ പിടിച്ചെടുക്കുന്നതാണ് വാൾമാർട്ട് സ്റേറാറുകളുടെ വിജയരഹസ്യം. ഒരുല്പന്നത്തിന്റെ വിലയ്ക്ക് രണ്ടെണ്ണം നൽകുക, നഷ്ടം സഹിച്ച് വില്പന നടത്തുക, എന്നും ഉപയോഗിക്കുന്ന ടൂത്ത്പേസ്റ്റ് പോലുള്ള സാധനങ്ങൾ ഏകദേശം 40% വരെ വിലകുറച്ച് നൽകുക - തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ഉപഭോക്താക്കളെ ആകർഷിച്ച് സ്വന്തമാക്കുന്നു. ഇതോടുകൂടി ആ പ്രദേശത്തുള്ള മററു കച്ചവടക്കാർ കട്ടയും പടവും മടക്കും. പിന്നീടാണ് യഥാർത്ഥ വാൾമാർട്ട് തനിനിറം പ്രത്യക്ഷപ്പെടുത്തുന്നത്. ഒരു അമേരിക്കൻ പരസ്യകമ്പനി നടത്തിയ പഠനം ഇവിടെ സൂചിപ്പിക്കുന്നത് പ്രസക്തമാണ്. പ്രസ്തുത പഠനത്തിൽ വെളിപ്പെട്ടത് - ടൂത്ത്പേസ്റ്റ്, ടോയിലററ് പേപ്പർ തുടങ്ങിയ വിലകുറഞ്ഞതും എന്നാൽ സർവ്വസാധാരണ ഉപയോഗത്തിലുള്ളതുമായ ഏകദേശം 1500 ഉല്പന്നങ്ങൾ സ്റേറാറിന്റെ മുൻഭാഗത്ത് പ്രദർശിപ്പിച്ച്, ഏററവും കുറഞ്ഞ നിരക്കിൽ വിൽക്കുന്നു.

कंप्यूटर क्रांति

## കമ്പ്യൂട്ടർ വിപ്ലവം

ആദ്യമായി പരിശോധിക്കേണ്ടത് ഇന്നത്തെ സമൂഹത്തിൽ വിവര സാങ്കേതികവിദ്യ വഹിക്കാൻ പോകുന്ന പങ്ക് എന്താണെന്നും സമ്പദ്ഘടനയിലേക്ക് അത് നൽകാൻ പോകുന്ന സംഭാവനയെന്തെന്നുമാണ്.

വൈവിദ്ധ്യപൂർണ്ണമായ പ്രവൃത്തികൾ നിർവ്വഹിക്കുന്ന സ്ഥാപനങ്ങളുടെ ഒരു സമുച്ചയമാണല്ലോ ആധുനിക സമൂഹം. ഈ സ്ഥാപനങ്ങളിൽ ഒട്ടുമിക്കവയും അന്താരാഷ്ട്രതലത്തിൽ പ്രവർത്തിക്കുന്നവയുമാണ്. അവയ്ക്കെല്ലാം തന്നെ നിരന്തരം തീരുമാനങ്ങളെടുക്കേണ്ടതായും വരുന്നു. ഈ തീരുമാനങ്ങളാണെങ്കിൽ പലപ്പോഴും അതീവസങ്കീർണ്ണങ്ങളും അതുകൊണ്ടുതന്നെ ഒട്ടനവധി വസ്തുതകളുടെ സമാകലനവും വിശകലനവും ആവശ്യപ്പെടുന്നവയുമാണ്. ഈ പ്രവൃത്തി ഏറ്റവും നന്നായി ചെയ്യാൻ കഴിയുന്നത് കംപ്യൂട്ടറുകൾക്കു തന്നെയായിരിക്കും. അസാധാരണമാംവിധം വ്യാപ്തിയുള്ള വിവരങ്ങളുടെ സഞ്ചയത്തെ സൂക്ഷിക്കാനും ആവശ്യാനുസരണം എത്തിക്കാനും കംപ്യൂട്ടറുകൾക്കു സാധിക്കുന്നു. ഉദാഹരണത്തിന് ബാങ്കുകളുടെ പ്രവർത്തനം. ഉപഭോക്താക്കളുമായുള്ള ഇടപാടുകളെ അപ്പപ്പോൾ രേഖപ്പെടുത്താനും നിമിഷങ്ങൾക്കകം തന്നെ അവരുടെ പണപരമായ ആവശ്യങ്ങൾ പൂർത്തീകരിക്കാനും ഇവിടെ കംപ്യൂട്ടറുകൾക്കു കഴിയുന്നു. എന്തിന്, ബാങ്ക് പ്രവർത്തിക്കുന്ന ഓഫീസിൽ പോകാതെ വീട്ടിലിരുന്നുകൊണ്ടുതന്നെ ഇടപാടുകൾ നടത്താൻ ഇന്നൊരാൾക്കു സാധിക്കും. ഇതിനെക്കാൾ കൂടുതൽ സങ്കീർണ്ണങ്ങളായ പ്രക്രിയകൾ ഉൾച്ചേർന്നിരിക്കുന്നതും ലക്ഷക്കണക്കിന് കണക്കുകൂട്ടലുകൾ ആവശ്യമുള്ളതുമായ കാലാവസ്ഥാപ്രവചനത്തിലോ ആണവോപകരണങ്ങളുടെ നിർമ്മാണത്തിലോ ഒക്കെ ഇന്ന് കംപ്യൂട്ടറുകളുടെ പ്രാധാന്യം അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. മനുഷ്യബുദ്ധിക്കു സാധിക്കാത്തത്ര വേഗത്തിൽ കണക്കുകൂട്ടാനുള്ള കംപ്യൂട്ടറുകളുടെ കഴിവുകൾ ഓരോ 18 മാസം കൂടുമ്പോഴും വർദ്ധിച്ചുവരികയുമാണ്.

ഇതെല്ലാം സാദ്ധ്യമാക്കിയതും ഒരു കംപ്യൂട്ടറിലെ വിവരങ്ങൾ മറ്റൊന്നിലേക്കു കൈമാറ്റം ചെയ്യാവുന്ന രീതിയിൽ അവയ്ക്കിടയിലെ ആശയവിനിമയസാദ്ധ്യത വർദ്ധിപ്പിച്ചതുമൊക്കെ വിവരസാങ്കേതികവിദ്യയിൽ സമീപകാലത്തുണ്ടായ വിപ്ലവകരങ്ങളായ പരിവർത്തനങ്ങളായിരുന്നു. ഇന്ന് ഒരു കംപ്യൂട്ടറിന്റെ മുന്നിലിരുന്നുകൊണ്ട് ഒരാൾക്ക് ന്യൂയോർക്ക് ടൈംസിന്റെ ഏറ്റവും പുതിയ എഡിറ്റോറിയൽ വായിക്കുന്നതിനോ ലോസ് ഏഞ്ചൽസിലെ ഒരു പച്ചക്കറിപ്പീടികയിലെ വിലനിലവാരമറിയുന്നതിനോ ബുദ്ധിമുട്ടില്ല.

## फिल्म और डिजिटल क्रांति

ചലച്ചിത്രം എല്ലാക്കാലത്തും പൗരസ്ത്യദേശങ്ങളിൽ രാഷ്ട്രീയാധികാരത്തിന്റെയും പാശ്ചാത്യ രാഷ്ട്രങ്ങളിൽ സാമ്പത്തിക മൂലധനത്തിന്റെയും ലോകത്തിൽ പൊതുവെ ഉല്പാദനരീതികളുടെ കേന്ദ്രീകരണത്തിന്റെയും ഇച്ഛാനുവർത്തിയായിരുന്നു. ഭിന്നശക്തികളുടെ വിചിത്രമായ കൂട്ടായ്മയിലൂടെ രൂപപ്പെട്ട തലതിരിഞ്ഞ പ്രയോഗങ്ങളുടെ സമ്മർദ്ദങ്ങൾക്ക് ഇരുപതാം നൂറ്റാണ്ടിലെ കലാകാരന്മാരുടെ സർഗ്ഗാത്മകത കുറച്ചൊന്നുമല്ല വിധേയമായിട്ടുള്ളത്. എന്നാൽ 21-ാം നൂറ്റാണ്ടിന്റെ തുടക്കമാകുമ്പോഴേയ്ക്കും സാഹചര്യങ്ങൾ സമൂലമായി മാറിക്കഴിഞ്ഞിരിക്കുന്നു. അത്ഭുതകരങ്ങളായ നൂതന സാങ്കേതികവിദ്യകൾ ഫലവത്തായി പ്രവർത്തിക്കാൻ തുടങ്ങിയതോടെ കലാകാരന്മാരെ മുൻചൊന്ന ശക്തികൾക്ക് പൂർണ്ണമായി വഴക്കിയെടുക്കാൻ സാധിക്കാതെ വന്നിരിക്കുകയാണ്.

സമീപഭാവിയിൽ ക്യാമറ എന്നത് ഒരെഴുത്തുകാരൻ പേന ഉപയോഗിക്കുന്നതുപോലെ സൗകര്യപ്രദമാംവണ്ണം ഉപയോഗിക്കാവുന്ന ഒരുപകരണമായിത്തീരാൻ പോവുകയാണ്. ചക്രം മനുഷ്യപാദത്തിന്റെ വികാസമായി മാറിയതുപോലെ ക്യാമറ എന്നത് ചലച്ചിത്രകാരന്റെ സർഗ്ഗനയനങ്ങളുടെ വികാസമായിത്തീരുന്നു. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ക്യാമറയുടെ അസാധാരണ ഭാരവും അതുപയോഗിക്കുന്നതിലെ വിഷമതകളും സാങ്കേതിക സഹായങ്ങളുടെ ആവശ്യകതയുമെല്ലാം ചലച്ചിത്രരചയിതാവിന്റെ ചിന്തയിലും വികാരങ്ങളിലുമൊക്കെ ഭാരം ചുമത്തിയിരുന്നു. എന്നാൽ ഡിജിറ്റൽ വിപ്ലവത്തിന്റെ വരവോടെ ഒരു കണ്ണട പോലെ, അല്ലെങ്കിൽ കണ്ണിനുള്ളിൽ, കോർണിയക്കു മേൽ സൗകര്യമായി പതിച്ചതും അദൃശ്യവുമായ ലെൻസുകൾ പോലെ ലളിതവും ചെറുതുമായ ഒരു ക്യാമറ എനിക്കു സങ്കല്പിക്കാനാകും.

മുഖ്യമായും മൂന്നു തരത്തിലുള്ള ബാഹ്യനിയന്ത്രണങ്ങളാണ് ചലച്ചിത്രത്തിന്റെ നിർമ്മാണപ്രക്രിയയിൽ ചരിത്രപരമായി തടസ്സങ്ങൾ സൃഷ്ടിച്ചിരുന്നത്. രാഷ്ട്രീയം, സാമ്പത്തികം, സാങ്കേതികം എന്നു നമുക്കിവയെ ഇനം തിരിക്കാം. ഇന്ന് ഡിജിറ്റൽ വിപ്ലവം ഈ തടസ്സങ്ങളെയെല്ലാം മറികടക്കാൻ ക്യാമറയെ സഹായിച്ചിരിക്കുന്നു. 'ക്യാമറാപേന'യുടെ വരവോടെ ശരിക്കുമുള്ള ചലച്ചിത്ര രചയിതാവിന്റെ ജനനം നമുക്ക് ആഘോഷിക്കാനാവുകയും അതുവഴി ഈ തൊഴിലിന്റെ ചരിത്രത്തിലെ പുതുയുഗത്തിലേക്ക് നാം പ്രവേശിക്കുകയും ചെയ്യും. എഴുത്തുപോലെ ചെലവു കുറഞ്ഞ തൊഴിലായി ചലച്ചിത്രനിർമ്മാണം മാറുന്നതോടെ അതിനുമേലുള്ള മൂലധനത്തിന്റെ മേധാവിത്വവും ഇല്ലാതാകും.

ഇത്രയും പറഞ്ഞത് ചലച്ചിത്ര നിർമ്മാണത്തെക്കുറിച്ചാണ്. അപ്പോഴും ചലച്ചിത്രവിതരണത്തിൽ മൂലധനത്തിന്റെ നിയന്ത്രണം ഇല്ലാതാകുന്നില്ല. അതേപോലെ ഭരണകൂട നിയന്ത്രണത്തിന്റെയും സെൻസർഷിപ്പിന്റെയും കാര്യത്തിലും പോ[illegible]കൾ ആവശ്യമായി വരുന്നു.

## संविधान का निर्माण

ഇന്ത്യ സ്വാതന്ത്ര്യം നേടിയിട്ട് ആറുപതിറ്റാണ്ട് തികയുകയാണല്ലോ. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടം നടന്നുകൊണ്ടിരുന്നപ്പോൾ തന്നെ സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ സാമൂഹ്യ ജീവിതത്തെക്കുറിച്ച് ദേശീയ നേതാക്കൾ മുതൽ സാധാരണക്കാർ വരെ ഒരുപാടൊരുപാട് സ്വപ്നം കണ്ടിരുന്നു. അതിനെ യാഥാർത്ഥ്യമാക്കാനുള്ള ചിന്ത മുൻനിർത്തിയാണ് ഭരണഘടനയ്ക്ക് നാം രൂപം കൊടുത്തത്. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ അന്നു നിലവിലിരുന്ന മിക്ക ലിഖിതഭരണഘടനകളും വിശദമായ പഠനത്തിനു വിധേയമാക്കി, അതിൽനിന്നെല്ലാം സ്വീകരിക്കാവുന്ന നല്ല വശങ്ങളെല്ലാം സ്വീകരിച്ചുകൊണ്ടാണ് ഇന്ത്യയ്ക്കു അനുയോജ്യമായ ഒരു ഭരണഘടന രൂപീകൃതമായത്. 1949 നവംബർ 26-ാം തീയതി ഇന്ത്യൻ ഭരണഘടനാ നിർമാണ സമിതി അത് അംഗീകരിക്കുകയും ചെയ്തു. ദേശീയപ്രസ്ഥാനത്തിന്റെ അടിസ്ഥാന മൂല്യങ്ങൾക്കും അന്നത്തെ ഇന്ത്യയിലെ 30 കോടി ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കും അനുസൃതമായ ഒരു ഭരണഘടന നിർമിക്കുക എന്ന ഏറ്റവും വലിയ ഒരു വെല്ലുവിളിയാണ് ഭരണഘടനാ നിർമാണസമിതി ഏറ്റെടുത്തത്. ഒട്ടേറെ വൈവിധ്യങ്ങളിൽപെട്ടിട്ടുള്ള ഇന്ത്യൻ ജനതയ്ക്കു മുഴുവനും തൃപ്തികരമായ വിധത്തിൽ ഒരു ഭരണഘടന രൂപപ്പെടുത്തിയെടുക്കുക എന്ന അതികഠിനമായ ജോലി വളരെ അഭിനന്ദനാർഹമായ രീതിയിലാണ് ഇവിടെ നിർവ്വഹിക്കപ്പെട്ടത്. നമ്മുടെ രാജ്യത്തിന്റെ ഏറ്റവും മൗലികമായ ഈ നിയമസംഹിതയുടെ നിർമാണത്തെ വളരെ ആവേശപൂർവ്വമാണ് ജനങ്ങൾ സ്വീകരിച്ചത്.

പൂണെയിലെ ഗോഖലെ ഇൻസ്റ്റിറ്റ്യൂട്ടിൽ 1964 ൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് നടത്തിയ ആർ.ആർ.ഖാലേ സ്മാരക പ്രഭാഷണത്തിൽ ഭരണഘടനയുടെ നിർമാണത്തെക്കുറിച്ച് പറഞ്ഞിരുന്നത് ഇങ്ങനെയാണ്.

"നമ്മുടെ റിപ്പബ്ലിക്കൻ ഭരണഘടനയെക്കുറിച്ച് നമുക്ക് അഭിമാനമുണ്ട്. നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിൽ ഒരു വിസ്മരണീയ സംഭവമാണ് ഭരണഘടനാ നിർമാണസമിതി അതിനു നൽകിയ അംഗീകാരം എന്നു നാം വിചാരിക്കുന്നു.



Scanned with CamScanner

## रोबिब : कंबोडिया का एक गाँव

ലോകത്തെ മറ്റേതു കുഗ്രാമങ്ങളെയും പോലെതന്നെ കമ്പോഡിയയുടെ വളരെ വിദൂരമായ ആറു കൊച്ചുഗ്രാമങ്ങൾ കൂടിച്ചേർന്നതാണ് റോബിബ് ഗ്രാമം. ദാരിദ്ര്യം, അനാരോഗ്യം, നിരക്ഷരത, അരക്ഷിതാവസ്ഥ, സാമ്പത്തികമാന്ദ്യം തുടങ്ങിയ അവികസിത-വികസ്വര രാജ്യങ്ങളുടെ തീരാശാപമായ സവിശേഷതകളെല്ലാം അതിന്റെ തീവ്രമായ രീതിയിൽത്തന്നെ ഈ ഗ്രാമത്തിലും നിലനില്ക്കുന്നുണ്ട്. കേവലം 40 ഡോളറിൽത്താഴെയാണ് ഗ്രാമീണരുടെ പ്രതിശീർഷവരുമാനം. വർഷത്തിൽ ഒരുതവണ കൊയ്ത്തുണ്ടെങ്കിലും ഇത് ഇവിടെയുള്ളവരുടെ ആഹാരത്തിനുതന്നെ തികയുന്നില്ല. വെള്ളപ്പൊക്കം പോലുള്ള പ്രതികൂലകാലാവസ്ഥകളിൽ മാറിത്താമസിക്കാൻ ഇടമില്ല. ഉൽപാദിപ്പിക്കപ്പെടുന്ന പച്ചക്കറികളും മറ്റും പരസ്പരം കൈമാറ്റം ചെയ്യപ്പെടുകയല്ലാതെ വാണിജ്യസാദ്ധ്യതകൾ തീരെയില്ല. ഏക ആരോഗ്യകേന്ദ്രത്തിലാകട്ടെ, അവശ്യം മരുന്നുകൾപോലുമില്ലാത്തതിനാൽ അല്പം ഗൗരവമുള്ള അസുഖം വന്നാൽ പരലോകപ്രാപ്തിതന്നെ മാർഗം. മാസത്തിലൊരിക്കൽ മാത്രം സന്ദർശിക്കുന്ന അനൗദ്യോഗിക വൈദ്യസഹായ ഏജൻസിയാണ് ഏക ആശ്രയം - ഇവർക്കുതന്നെയും കേവല പരിശോധനകൾക്കപ്പുറം മരുന്നുകളൊന്നും നല്കാൻ കഴിയില്ലെങ്കിൽപ്പോലും.

ഗ്രാമത്തിൽനിന്നു രണ്ടുമണിക്കൂർ സഞ്ചരിച്ചാലെത്തുന്ന കൊച്ചുപട്ടണത്തിലേക്കു ദിവസേന ഒരു ട്രിപ്പ് മാത്രം ഓടുന്ന ഒരു ടാക്സിയാണ് ഇവരുടെ ഏക സഞ്ചാരവാഹനം. വൈദ്യുതി, ടെലഫോൺ, ശുദ്ധജലപ്പൈപ്പുകൾ.... ഈ സംവിധാനങ്ങളൊന്നും ഇവർ കണ്ടിട്ടില്ല. റേഡിയോ ഉപകരണമുപയോഗിച്ചു പുറത്തേക്കൊന്നു വിനിമയം നടത്തണമെങ്കിൽ പത്തുമണിക്കൂറോളം വാഹനത്തിൽ സഞ്ചരിക്കണം. ഏകദേശം രണ്ടായിരത്തിലധികം കുട്ടികളുള്ള ഈ ഗ്രാമത്തിൽ ഇപ്പോൾ പലരും ആറുവർഷത്തേക്കെങ്കിലും സ്കൂൾവിദ്യാഭ്യാസം നേടാൻ തയ്യാറായത് നല്ല കാര്യം.

## उत्तर आधुनिकता

ആധുനികോത്തരതയാകട്ടെ ഹ്യൂമനിസം, സാർവദേശീയത, കമ്മ്യൂണിസം, സോഷ്യലിസം, മതനിരപേക്ഷത തുടങ്ങിയ ബൃഹദാഖ്യാനങ്ങളെ ശിഥിലീകരിച്ചതായി അതിന്റെ വക്താക്കൾ അവകാശപ്പെടുന്നുണ്ട്. അത് ഏറെക്കുറെ ശരിയാണുതാനും. മുമ്പ് ആണും പെണ്ണും ദളിതനും സവർണ്ണനും ഹിന്ദുവും മുസ്ലീമുമൊക്കെ ചേർന്ന് നിർമ്മിച്ചതാണ് സാഹിത്യവും സംസ്കാരവും. എന്നാൽ ഇന്ന് ദളിത്സാഹിത്യം, ദളിത് സംസ്കാരം, മുസ്ലീം സംസ്കൃതി, മാപ്പിളസാഹിത്യം, മുസ്ലീം ബുദ്ധിജീവികൾ, ഹിന്ദുസംസ്കാരം, ക്രിസ്ത്യൻ സംസ്കാരം, ക്രിസ്തീയ സാഹിത്യം എന്നിങ്ങനെ പലരീതിയിലെ ശകലിതാഖ്യാനങ്ങൾ വരുന്നു. ബഹുസ്വരതയുടെയും ശകലിതാഖ്യാനങ്ങളുടെയും ലോകമെന്നത് അങ്ങേയറ്റം യാഥാസ്ഥിതികമാണ്. ഒന്നിച്ചുനിന്ന് പോരാടുക എന്ന ബൃഹദാഖ്യാന പദ്ധതി മുതലാളിത്തത്തെ ഭയപ്പെടുത്തുന്നു. അതുകൊണ്ട് സാംസ്കാരികമായി ഭിന്നിച്ചുപോരാടുന്ന ലോകാവസ്ഥ സാമ്രാജ്യത്വത്തിന്റെ കടന്നുകയറ്റത്തിന് വാതിലുകൾ തുറന്നിടുകയാണ് ചെയ്യുന്നത്. മതനിരപേക്ഷശക്തികൾ പരസ്പരം പോരാടി മതശക്തികൾക്ക് ഇടംനൽകുന്നു. സാമ്രാജ്യത്വത്തിന്റെ നഗ്നമായ അധിനിവേശംകൊണ്ടു രക്ഷപ്പെടാൻ കഴിയുകയില്ല. അതിന് പ്രത്യയശാസ്ത്രപരമായ സാധൂകരണം വേണം. അതുകൊണ്ടു സംസ്കാരവും പ്രത്യയശാസ്ത്രവും സാമ്രാജ്യത്വത്തിനും മറ്റു അധികാരവ്യവസ്ഥകൾക്കും ആവശ്യമാണ്. പ്രത്യയശാസ്ത്രംകൊണ്ടു ബൗദ്ധികമായ സ്വീകാര്യതയും സംസ്കാരം കൊണ്ടു വൈകാരികമായ സ്വീകാര്യതയും നിർമിച്ചെടുക്കുകയാണ് അധിനിവേശശക്തികൾ ചെയ്യുന്നത്. അതുകൊണ്ടു സാംസ്കാരിക പ്രവർത്തനമെന്നത് പുതിയകാലഘട്ടത്തിലെ വർഗ്ഗസമരം കൂടിയാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. ■

## इतिहास

മാർത്താണ്ഡവർമ്മയെ തുടന്ന് തിരുവിതാംകൂറിൽ സിംഹാസനാരോഹണംചെയ്ത രാമവർമ്മ ധർമ്മരാജാവ് ഒരുയുദ്ധകുതുകി ആയിരുന്നില്ല. രാജ്യത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കണമെന്ന് ആഗ്രഹം ഉണ്ടായിരുന്നുവെങ്കിൽകുടി രാജ്യത്തിനകത്ത് സാമാധാനവും പരിഷ്കാരവും കൈവരുത്തുന്നതിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ കൂടുതലായി പതിഞ്ഞത്. പക്ഷേ, സംഭവഗതികൾ തിരിഞ്ഞാണ് ഉണ്ടായത്. കൊച്ചീരാജ്യം അപ്പോഴും മിക്കവാറും സാമൂതിരിയുടെ കൈവശത്തിലായിരുന്നു. അതെങ്ങനെയും വീണ്ടെടുത്തുകൊടുക്കണമെന്നുള്ള അപേക്ഷയുമായി പാലിയത്തു കോമ്പിയച്ചൻ തിരുവനന്തപുരത്തുവന്നു. 1761 അവസാനത്തിൽ അതിന്റ അടിസ്ഥാനത്തിൽ കൊച്ചിയുമായി രുവിതാംകൂർ ഒരു സന്ധിയിൽ ഏർപ്പെട്ടു. കൊച്ചിരാജ്യത്തു നിന്നും സാമൂതിരിയെ തുരത്താനായി തിരുവിതാംകൂർ പട്ടാളത്തെ അയച്ചു കൊടുക്കണമെന്നും, പകരം കരപ്പുറത്തിന്റെമേലുള്ള സർവ്വ അവകാശങ്ങളും കൊച്ചീരാജാവ് വിട്ടുകൊടുക്കാമെന്നും, ആലങ്ങാടും പറവൂരും തിരുവിതാംകൂറിനു നൽകാമെന്നുമായിരുന്നു ആ ഉടമ്പടിയിൽ പ്രധാനമായി വ്യവസ്ഥചെയ്തിരുന്നത്. കൊച്ചിയുടെ വകയല്ലാത്ത ഏതെങ്കിലും സ്ഥലങ്ങൾ സാമൂതിരിയിൽ നിന്നും തിരുവിതാംകൂർ സൈന്യം കൈവശപ്പെടുത്തിയാൽ ആ വക സ്ഥലങ്ങൾ തിരുവിതാംകൂർ രാജ്യത്തോട് ചേർക്കുന്നതിനും കൊച്ചി സമ്മതിച്ചു.

സർവസൈന്യാധിപനായ ഡിലനായിയുടെയും അപ്പോൾ ദവളയായിരുന്ന അയ്യപ്പൻ ർത്തണ്ഡപിള്ളയുടെയും നേതൃത്വത്തിൽ ഒരു വലിയ സൈന്യത്തെ രാമവർമ്മരാജാവ് ഉടൻതന്നെ വടക്കോട്ട് അയച്ചു. പറവൂർ എത്തിയപ്പോൾ ഡിലനായിക്ക് ഒരു തന്ത്രംതോന്നി. സൈന്യത്തെ രണ്ടായി വിഭജിച്ച് തൃശൂർ നഗരത്തെ രണ്ടു ഭാഗത്തു നിന്നും ഒരേ സമയം ആക്രമിക്കുക എന്നതായിരുന്നു ആ ബുദ്ധി. അതിൽ ഒരു വിഭാഗം മാർത്തണ്ഡപിള്ളയുടെയും മറ്റേ വിഭാഗം ഡിലനായിയുടെയും നേതൃത്വത്തിലാണ് മുമ്പോട്ടു നീങ്ങിയത് ദവളയുടെ സൈന്യം നേരെ തൃശ്ശിവപേരൂർക്കു ചെന്നപ്പോൾ. ഡിലനായി നേരെ ചേറ്റുവാ പിടിച്ചിട്ട് വടക്കോട്ടു പോകാനാണ് പ്ലാനിട്ടത്. വാസ്തവത്തിൽ ഈ തന്ത്രത്തിൽ സാമൂതിരിസൈന്യം കുടുങ്ങിപ്പോടി.

## धूमकेतु

### ധൂമകേതു

അടുക്കും ചിട്ടയുമില്ലാതെ ആകാശത്ത് അലഞ്ഞുതിരിഞ്ഞ് നടക്കുന്നവരെന്ന് ഒരു കാലത്ത് പൗരാണികർ സങ്കല്പിച്ചുപോന്ന ബഹിരാകശ വസ്തുക്കളാണ് ധൂമകേതുക്കൾ അഥവാ വാൽനക്ഷത്രങ്ങൾ (comets). അവ പ്രത്യക്ഷപ്പെടുന്നത്, യുദ്ധങ്ങളോ, കലാപങ്ങളോ, പ്രകൃതി ക്ഷോഭങ്ങളോ ഭൂമിയിൽ ഉണ്ടാകാൻ പോകുന്നതിന്റെ മുന്നോടിയാണെന്നും ദുർനിമിത്തങ്ങളാണെന്നും വിശ്വസിച്ചുപോന്നു. ഈ അന്ധവിശ്വാസം അടുത്തകാലംവരെ നിലനിന്നു. 1738-ൽ വാൽനക്ഷത്തങ്ങളെക്കുറിച്ച് വോൾട്ടെയർ എഴുതിയ മനോഹരമായ കവിതാശകലത്തിൽ, അവ ആകാശത്ത് പ്രത്യക്ഷപ്പെടുന്നതും അപ്രത്യക്ഷമാകുന്നതും യാതൊരു ക്രമവുമില്ലാതെയാണെന്ന സങ്കല്പമുണ്ട്. ഒരു വാൽനക്ഷത്രംതന്നെയാണ് ഒന്നിലധികം പ്രാവശ്യം കൃത്യമായ ഇടവേളകളിൽ പ്രത്യക്ഷപ്പെടുന്നതെന്നോ അല്ലെങ്കിൽ ഒന്നിലധികം വാൽനക്ഷത്രങ്ങൾ പലപ്പോഴായി പ്രത്യക്ഷപ്പെട്ട് മറഞ്ഞു പോകുന്നു വെന്നോ അവ ഒരോന്നും പ്രത്യേകം സഞ്ചാരപഥത്തിലൂടെ സഞ്ചരിക്കുന്നുവെന്നോ ഉള്ള കാര്യങ്ങളിൽ പൗരാണികർക്ക് യാതൊരു രൂപവും ഉണ്ടായിരുന്നില്ല. ദുർനിമിത്തങ്ങളായി കാലാകാലങ്ങളിൽ പ്രത്യക്ഷപ്പെടുന്നുവെന്നതിനപ്പുറം അവയുടെ സഞ്ചാരപഥങ്ങളെ കുറിച്ചോ രസ-ഭൗതികഗുണങ്ങളെക്കുറിച്ചോ രൂപങ്ങളെക്കുറിച്ചോ, എന്തിന് സൗരയൂഥത്തിന്റെ ഭാഗമാണെന്നതിനെക്കുറിച്ചുപോലുമോ അവർക്കൊന്നും അറിഞ്ഞുകൂടായിരുന്നു.

ഹാലെ വാൽനക്ഷത്രം (Halley's Comet) എന്ന് പിൽക്കാലത്ത് നാമകരണം ചെയ്യപ്പെട്ട - ദുർനിമത്തമെന്ന് പൗരാണികർ സങ്കല്പിച്ചുപോന്ന - ബഹിരാകശവസ്തുവിനെ 1066-ലാണ് ആദ്യം കണ്ടത്. ഒരു മലയോളം മാത്രം വലിപ്പം വരുന്ന ഇത്തരം ബഹിരാകാശസന്ദർശകരെ സംബന്ധിച്ചുള്ള പൗരാണികരുടെ കഥകളിൽ ആധുനിക ശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നില്ല.



Scanned with CamScanner

## जनजाति वर्ग की खेती

ജനവാസയോഗ്യമായ ഭൂമിയുടെ സാമൂഹ്യഘടനയെ അടിസ്ഥാനപ്പെടുത്തി സംഘകാല കേരളത്തിൽ കുറിഞ്ചി, മുല്ലൈ, പാലൈ, മരുതം, നെയ്തൽ എന്നീഐന്തിണകൾ (അഞ്ച് തിണകൾ) നിലനിന്നിരുന്നു. ഓരോ തിണയിലും അതതു ജനവിഭാഗവും വൃക്ഷലതാദികളുംപക്ഷിമൃഗാദികളും തനതു കൃഷിരീതികളുമുണ്ടായിരുന്നു. വയലുകൾ ധാരാളമുള്ള മരുതം നിലത്തിലാണ് കാർഷികവൃത്തി നിലനിന്നിരുന്നതെങ്കിലും കുറിഞ്ചിലും മുല്ലൈയിലും ആ പ്രദേശങ്ങൾക്കു യോജിച്ച കൃഷി നടന്നിരുന്നു. കുറിഞ്ചിതിണയിൽ കാനവരും കുറവരും വേടരും കാടുകരിച്ച് കൃഷി ചെയ്തതിനെക്കുറിച്ച് പുറനാനൂറിലും, മുല്ലൈതിണയിലെ നിവാസികൾ മാറ്റകൃഷി എന്ന പുനംകൃഷിചെയ്തിരുന്നതായി നറ്റിണയിലും പരാമർശമുണ്ട്. കുറിച്ചി നിലക്കാർ പുനം നിലത്തെ കൃഷിയിൽനിന്നും പ്രധാനമായി ഉല്പാദിപ്പിച്ചെടുത്തത് നെല്ല്, വാക്, തിന, മുതിര തുടങ്ങിയ ധാന്യങ്ങളാണ്. അക്കാലങ്ങളിൽ കായ്കനികളുടെ കൂട്ടത്തിൽ ഏറ്റവും സമൃദ്ധമായി കാണപ്പെട്ടിരുന്നത് ചക്കയാണ്. കേരളത്തിലെ മിക്ക ഗോത്രവിഭാഗങ്ങൾക്കിടയിലും ബ്രിട്ടീഷ് അധിനിവേശത്തിനു മുമ്പ് പുനം കൃഷി സജീവമായി നിലനിന്നിരുന്നു. പുനംകൃഷിയെക്കുറിച്ചും കുറുമ്പർ, മുതുവാൻ, കാണിക്കാർ,മാവിലർ, കുറിച്യർ തുടങ്ങിയ ഏതാനും ഗോത്രവിഭാഗങ്ങളുടെ പ്രത്യേക പുനംകൃഷി രീതികളെക്കുറിച്ചും, ഈ കൃഷിയുമായി ബന്ധപ്പെട്ട് ഗോത്രസമൂഹങ്ങൾ പരമ്പര്യമായി ആർജ്ജിച്ചെടുത്ത കീടനിയന്ത്രണമാർഗ്ഗങ്ങൾ, വന്യമൃഗസംരക്ഷണരീതികൾ, വിത്ത് സൂക്ഷിക്കൽ മാർഗ്ഗങ്ങൾ, അനുഷ്ഠാനങ്ങൾ, പുനംകൃഷി ഇല്ലാതായ സാഹചര്യങ്ങൾ എന്നിവയെക്കുറിച്ചാണ് ഇവിടെ പ്രതിവാദിക്കുന്നത്.

ആദിമഗോത്രങ്ങളുടെ കാട് വെട്ടിത്തെളിച്ച് ചുട്ടെരിച്ചുള്ള പ്രകൃതികൃഷിരീതിയാണ് പുനം കൃഷി. ഒരു സ്ഥലത്തുതന്നെ തുടർച്ചയായി കൃഷി ചെയ്യുന്നില്ല എന്നതാണ് യന്ത്രങ്ങളും രാസവസ്തുക്കളും ആവശ്യമില്ലാത്ത ഈ കൃഷിയുടെ പ്രധാന പ്രത്യേകത. ഇതിന്റെ മറ്റൊരു പ്രത്യേകത ഒരിക്കൽ കൃഷിഇറക്കിയ ശേഷം ആ സ്ഥലം ഉപേക്ഷിച്ച് പിന്നീട് ആ സ്ഥലത്തേക്ക് തിരിച്ചുവരുന്നത് വർഷങ്ങൾക്കുശേഷമാണെന്നും ലോകത്തെവിടെയും ആദിമഗോത്രവിഭാഗങ്ങളുടെ തനിമയേറിയ കൃഷിശൈലി പുനംകൃഷിയായിരുന്നുവെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. !

## पालक्काड का किला

പാലക്കാട്ടെ കോട്ട ടിപ്പുവിന്റേതാണെന്നാണ് പരക്കെ അറിയപ്പെടുന്നത്. 1766-മാണ്ട് ടിപ്പുവിന്റെ പിതാവ് ഹൈദരാലി കരിങ്കല്ലിൽ കെട്ടിയുണ്ടാക്കിയതാണ് ഈ കോട്ടയെന്നു ലഭ്യമായ ചരിത്രപുസ്തകങ്ങളിൽ കാണുന്നു. കേരളവും കോയമ്പത്തൂരുമായി ബന്ധപ്പെട്ടു വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ഏറ്റവും സൗകര്യപ്രദമായ ഒരു സ്ഥലമായി കണ്ടതുകൊണ്ടാണ് പാലക്കാടു പട്ടണത്തിലെ കോട്ട ഹൈദരാലി താവളമാക്കിയത്. കോട്ട ആക്രമിച്ചു കോട്ടപ്പുറത്തു പോർട്ടുഗീസുകാർ 1523-ൽ ഒരു കോട്ട കെട്ടി. പതിനെട്ടാം നൂറ്റാണ്ടിൽ തലശ്ശേരിയിൽ കോട്ടയുണ്ടാക്കിയത് ബ്രിട്ടീഷുകാരാണ്. 1695-ൽ അഞ്ചുതെങ്ങിൽ കോട്ടകെട്ടിയതും അവർതന്നെ. ബെദ്നൂർ രാജാവായ ശിവപ്പനായക് (1645-60) ആണ് ബേക്കൽ കോട്ടയുണ്ടാക്കിയത്. പില്ക്കാലത്ത് ടിപ്പു സുൽത്താൻ ഈ കോട്ട താവളമാക്കുകയുണ്ടായി. ഇങ്ങനെ ഇതു ബ്രിട്ടീഷുകാരുടെ കൈകളിൽ വന്നുചേർന്നു. ഇതിന്റെ കവാടത്തിനു സമീപം ഒരു ഹനുമാൻക്ഷേത്രമുണ്ട്. ഹോസ്ദുർഗ്ഗ് (പുതിയ കോട്ട എന്നർത്ഥം) കെട്ടിയത് ബെദ്നൂർ രാജാവ് സോമശേഖര നായക് (1714-39) ആണ്. ഈ കോട്ടയ്ക്കുള്ളിൽ പല സർക്കാർ ഓഫീസുകളും കർപ്പൂരേശ്വര ക്ഷേത്രവുമുണ്ട്. ചന്ദ്രഗിരി, കുമ്പള കോട്ടകളും ബെദ്നൂർ രാജക്കന്മാരുടെ സൃഷ്ടികൾ തന്നെ. ബ്രിട്ടീഷ്സേന, പതിനൊന്നുദിവസംകൊണ്ട് ഈ കോട്ട ആക്രമിച്ചു കീഴടക്കി. ഇംഗ്ലീഷുകാർ വിട്ടുപോയപ്പോൾ സാമൂതിരി കോട്ട കൈവശപ്പെടുത്തിയെങ്കിലും വീണ്ടും ഇതു ബ്രിട്ടീഷുകാരുടെ കൈയിൽ വന്നു ചേർന്നു. (കേരള ഗസറ്റിയേഴ്സ്. പാലക്കാട് 1976) എന്നാൽ ഹൈദരാലിക്കും മുമ്പ് ഈ കോട്ടയ്ക്ക് ഒരു ചരിത്രമില്ലേ? അടുത്ത കാലത്ത്, ഈ കോട്ടയിൽനിന്ന് ഉൽഖനനം ചെയ്തെടുത്ത ശിലാശില്പങ്ങളും മറ്റു ശില്പകലാമതൃകകളും 15-16 നൂറ്റാണ്ടുകളിലേക്ക് ഈ കോട്ടയുടെ ചരിത്രത്തെ കൊണ്ടുചെന്നെത്തിക്കുന്നതായി മനസ്സിലാക്കുന്നു. തൃശൂർ ആസ്ഥാനമാക്കിയുള്ള ഭാരതീയ ആർക്കിയോളജിക്കൽ സർവ്വേയുടെ സൂപ്രണ്ടിംഗ് ആർക്കിയോളജിസ്റ്റ് ഡോ. ടി. സത്യമൂർത്തിയുടെ പഠനങ്ങൾ ഈ ചരിത്രവസ്തുതകളിലേക്കു വെളിച്ചം വീശുന്നു.



Scanned with CamScanner